
www.malankaralibrary.com

# വിശ്വാസ പരിപാലന സഹായി

## പെന്തക്കോസ്തരുടെ വാദഗതികൾക്കൊരു മറുപടി




**മലങ്കര സുറിയാനി കത്തോലിക്കാസഭ**

മേജർ അതിരൂപത, തിരുവനന്തപുരം

വിശ്വാസ പരിശീലന പരിപാലന കാര്യാലയം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിശ്വാസപരിപാലന സഹായി

## പെന്തക്കോസ്തരുടെ വാദഗതികൾക്കൊരു മറുപടി

DEPARTMENTOF CATECHETICAL APOSTOLATE
PASTORAL EDUCATION CENTRE
KURAVANKONAM, KAWDIAR P.O.
TVM-03.
PH : 0471-2432853.

www.malankaralibrary.com



| | | |
|---|---|---|
| Title | : | **Pentacostharude Vadagethikalkkoru Marupadi** (Malayalam) |
| Imprimatur | : | **Moran Mor Baselios Cleemis Catholicos** |
| Author | : | **Sr. Namitha SIC**<br>Director, Missiological Theological Centre<br>Bethany Nagar, Nalanchira, TVM-15<br>Ph : 0471-2534018 |
| Published by | : | **Fr. Joseph Poovathumtharayil** (Director)<br>Departmentof Catechetical Apostolate<br>Pastoral Education Centre<br>Kuravankonam, Kawdiar P.O.<br>TVM-03., Ph : 0471-2432853, 2433020. |
| Cover Designing | : | Tiju Thankachan |
| First Published | : | 2005 |
| Second Edition | : | 2006 |
| Third Edition | : | 2008 |
| Copyright | : | Departmentof Catechetical Apostolate. |

www.malankaralibrary.com

# അവതാരിക

ക്രൈസ്തവ ജീവിതത്തിന് അടിസ്ഥാനമായി നിലകൊള്ളുന്ന ക്രിസ്തീയ വിശ്വാസം ദൈവീകമായ വരദാനമാണ്. എങ്കിലും മനുഷ്യൻ അത് സ്വീകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുമ്പോഴാണ് അതിന് പ്രകടമായ ജീവിതഭാവങ്ങൾ ലഭിക്കുക. അങ്ങനെ അത് ദൈവത്തോടുള്ള ഐക്യവും, ജീവിതത്തെ നയിക്കുന്നതും രൂപപ്പെടുത്തുന്നതുമായ പ്രേരണാശക്തിയുമാകുന്നു. ഈ ശക്തിയുടെ ഉറവിടം ത്രീയേകദൈവം തന്നെയാണ്. ഈ സത്യം അറിയുന്നതും അംഗീകരിക്കുന്നതുമാകുന്നതുമാണ് നമ്മുടെ നിത്യജീവന്റെ ആധാരം. ഏക സത്യദൈവമായ അവിടുത്തെയും അങ്ങയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നുള്ളതാണ് നിത്യജീവൻ (യോഹ 17:3). പിതാവായ ദൈവം തന്റെ പുത്രന്റെ മനുഷ്യാവതാര രഹസ്യത്തിലൂടെ മനുഷ്യരക്ഷസാധിച്ച് തന്റെ പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു. ആ ദൈവാത്മാവിലൂടെ നമ്മുടെ ക്രൈസ്തവജീവിതം രൂപപ്പെടുകയും മുന്നേറുകയുമാണ്.

നമുക്ക് വെളിപ്പെടുത്തപ്പെട്ട ദൈവീകമായ രഹസ്യങ്ങൾ ആഴമായി മനസ്സിലാക്കുന്നത് നമ്മുടെ വിശ്വാസജീവിതം പുഷ്ടിപ്പെടുന്നതിന് അനുപേക്ഷണീയമാണ്. ഈ വിശ്വാസസത്യങ്ങൾ ഓരോ തലമുറയ്ക്കും കരഗതമാക്കുന്നതിന് സഭയ്ക്ക് ചുമതലയുണ്ട്. നമ്മുടെ വിശ്വാസപ്രബോധന പ്രക്രിയയിലൂടെ ഈ കടമയാണ് സഭ നിർവഹിക്കുന്നത്. ഇത് അതിപ്രധാനവും അടിയന്തരവുമായ ഒരു കർത്തവ്യമാണ്. എന്നാൽ ഈ വിശ്വാസപ്രബോധനത്തെ തടസ്സപ്പെടുത്തുന്നതും ഹനിക്കുന്നതുമായ പ്രവർത്തനങ്ങളും പ്രവണതകളും നമ്മുടെ സമൂഹത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നുവെന്ന ദുഃഖസത്യം നമ്മൾ അറിഞ്ഞിരിക്കണം. പുരാതനമായ ക്രൈസ്തവ സഭയിൽനിന്നു ഭിന്നിച്ച് പുതിയ പ്രസ്ഥാനങ്ങളായി രൂപംകൊള്ളുന്ന പലസമൂഹങ്ങളും ഇന്നുണ്ട്. അവയുടെ തെററായ ഉപദേശങ്ങളും പഠനങ്ങളും നമ്മുടെ വിശ്വാസികളെ വഴിതെററിക്കുന്നുണ്ട്. ഇവയെ നേരിടേണ്ടത് നമ്മുടെ ക്രൈസ്തവ കടമയായി നാം കരുതണം.

സാധാരണയായി നമ്മുടെ സഭാവിശ്വാസികളുടെ ഇടയിൽ ചില നൂതനസമൂഹങ്ങൾ പ്രചരിപ്പിക്കുന്ന ചില അബദ്ധ ഉപദേശങ്ങളും അതുമൂലമുണ്ടാകുന്ന പല തെററിദ്ധാരണകളും എത്രയുംവേഗം അകറേറണ്ടിയിരിക്കുന്നു. അതിനു സഹായകരമായ ഒരു ചെറുഗ്രന്ഥം നമ്മൾ പ്രസിദ്ധീകരിക്കുകയാണ്. നമ്മുടെ വിശ്വാസസത്യങ്ങൾക്കെതിരേ തൊടുത്തുവിടുന്ന ചില ചോദ്യങ്ങൾ സമാഹരിച്ച് അവയ്ക്ക് ശരിയായ ഉത്തരങ്ങൾ നല്കുന്നതിനാണ് ഈ ഗ്രന്ഥത്തിൽ ശ്രമിച്ചിരിക്കുന്നത്.

ഈ ചെറുഗ്രന്ഥം തയ്യാറാക്കുന്നതിനുപരിശ്രമിക്കുകയും അതു പൂർത്തീകരിക്കുകയും ചെയ്തത് ബഥനി സന്യാസിനിയായ ഡോ.സിസ്റ്റർ നമിത എസ്.ഐ.സി. ആണ്. സിസ്റ്ററിന്റെ പരിശ്രമത്തിന് ദൈവംതന്നെ പ്രതിഫലം നല്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശ്വാസ വിഷയങ്ങൾ നമ്മുടെ വിശ്വാസികൾ ആഴമായി പഠിക്കുകയും വിശ്വാസജീവിതത്തിൽ ഉറച്ചുനിന്ന് ആഴമായ ദൈവാനുഭവങ്ങൾക്ക് പ്രാപ്തരാകുമെന്ന് പ്രതീക്ഷിക്കുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ
മലങ്കരസഭയുടെ മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്

www.malankaralibrary.com

# ആമുഖം

കത്തോലിക്കാ വിശ്വാസം ശരിയായവിധത്തിൽ കാത്തുസംരക്ഷിക്കുകയും, വളർത്തി പരിപോഷിപ്പിക്കുകയും, കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചു കൈമാറുകയും ചെയ്യേണ്ടത് ഇന്നിന്റെ വലിയൊരാവശ്യമാണ്. അതിനുവേണ്ട നിരന്തര ധ്യാന-പഠനങ്ങളിലൂടെയും, ഇടവക കൂട്ടായ്മകളിലുള്ള ചർച്ചകളിലൂടെയും, വിശ്വാസത്തിൽ പ്രബലപ്പെട്ട് സ്വയം വളരുന്നതിനും പരസ്പരം സഹായിക്കുന്നതിനും നാം ഒത്തൊരുമിച്ച് പരിശ്രമിക്കേണ്ടതാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ പല പ്രബോധനങ്ങളെക്കുറിച്ചും വിശ്വാസികളുടെയിടയിൽ തെററിദ്ധാരണയുളവാക്കുകയും അവരെ വഴിതെററിക്കുകയും ചെയ്യുന്നവിധത്തിലുള്ള പ്രവർത്തനങ്ങൾ ഇന്നു നമ്മൾ അഭിമുഖീകരിക്കുന്നുണ്ടല്ലോ. ഇതിൽ പെന്തക്കോസ്തരുടെ പങ്ക് ഒട്ടും കുറവല്ല. അവരുടെ വാദഗതികളോടും തെററായ പഠിപ്പിക്കലുകളോടും എങ്ങനെ പ്രതികരിക്കണം? അവരുടെ ചോദ്യങ്ങൾക്ക് എപ്രകാരം മറുപടി നല്കണം? ഇവയ്ക്കു വേണ്ട ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ സഭാമക്കൾക്ക് നല്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ലഘുലേഖ തയ്യാറാക്കിയിട്ടുള്ളത്.

രണ്ടു ഭാഗങ്ങളടങ്ങുന്ന ഇതിന്റെ ഉള്ളടക്കത്തിൽ പെന്തക്കോസ്തരുടെ വാദഗതികളോടുള്ള മറുപടിയെ സംബന്ധിച്ച ഒന്നാം ഭാഗത്തെ നാലു പ്രധാനഭാഗങ്ങളായി തിരിച്ച് നൂറു ചോദ്യങ്ങൾക്കുത്തരമായി അവതരിപ്പിച്ചിരിക്കുന്നു. അവരോടു ചോദിക്കാവുന്ന ചില മറുചോദ്യങ്ങളാണ് രണ്ടാം ഭാഗത്ത് നല്കിയിട്ടുള്ളത്.

ഈ പുസ്തകം തയ്യാറാക്കുന്നതിന് എന്നെ ചുമതലപ്പെടുത്തുകയും, ആദ്യംമുതൽ അവസാനംവരെ വായിച്ചുകേട്ട് വേണ്ടതിരുത്തലുകളും നിർദ്ദേശങ്ങളും നല്കുകയും ചെയ്ത മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ് മോറാൻമോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സിനോടുള്ള അകൈതവമായ നന്ദി അറിയിച്ചുകൊള്ളുന്നു. എല്ലാ കാര്യങ്ങളിലും എനിക്കു പ്രചോദനവും പിൻബലവുമായി നില്ക്കുന്ന എന്റെ സമൂഹ അധികാരികളെയും സിസ്റ്റേഴ്സിനെയും, അല്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ പുസ്തകത്തിന്റെ പുതിയ എഡിഷന്റെ പകർപ്പ് വായിച്ച് വേണ്ട തിരുത്തലുകളും നിർദ്ദേശങ്ങളും നല്കിയ സണ്ടേസ്കൂൾ ഡയറക്ടർ പ്രിയ ബ. സിബി അച്ചനെയും, അസി. ഡയറക്ടർ പ്രിയ ബ. പ്രബീഷ് അച്ചനെയും നന്ദിപൂർവ്വം സ്മരിക്കുന്നു

സിസ്റ്റർ നമിത, മിസ്സിയോളജിക്കൽ-തിയോളജിക്കൽ സെന്റർ
ബഥനി നഗർ, നാലാഞ്ചിറ, തിരുവനന്തപുരം -13, ഫോൺ 2534018

www.malankaralibrary.com

# ഒന്നാം ഭാഗം

# പെന്തക്കോസ്തരുടെ വാദഗതികളോടുള്ള പ്രതികരണം കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ

### 1. ആരാണീ പെന്തക്കോസ്തുകാർ? അവർ എന്നുണ്ടായി?

പ്രൊട്ടസ്റ്റന്റ് സമൂഹത്തിൽനിന്ന് വേർപിരിഞ്ഞ് സ്വതന്ത്രമായി രൂപംകൊണ്ട് തമ്മിലിടറി ഇന്ന് ഇരുപത്തയ്യായിരത്തോളം വിഭാഗങ്ങളായി പിരിഞ്ഞിട്ടുള്ള സ്വതന്ത്ര ഗ്രൂപ്പുകളാണ് പെന്തക്കോസ്തർ. 1884-ൽ അമേരിക്കയിലാണ് ഈ പ്രസ്ഥാനം ഉടലെടുത്തത്. അമേരിക്കയിലെ പർഹാം എന്ന ഒരു മെതഡിസ്റ്റുകാരൻ, അദ്ദേഹത്തിന്റെ ശിഷ്യൻ സെയ്മൂർ, സെയ്മൂറിന്റെ ശിഷ്യൻ ഡർഹാം മുതലായവരായിരുന്നു ഇതിന്റെ മുന്നണി നേതാക്കൾ. പെന്തക്കോസ്തു പ്രസ്ഥാനം കേരളത്തിൽ വന്നത് 1905-നുശേഷമാണ്. കേരളത്തിൽ ഇന്ന് ഇവർ ഏകദേശം നാല്പ്പതിലേറെ സ്വതന്ത്ര വിഭാഗങ്ങളായി പിരിഞ്ഞിട്ടുണ്ട്.

### 2. പെന്തക്കോസ്തു വിശ്വാസവും പഠിപ്പിക്കലുകളും ശരിയോ?

ശരിയല്ല. ക്രിസ്തീയ വിശ്വാസത്തിനടിസ്ഥാനമായതും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ നമ്മുടെ കർത്താവിന്റെ പ്രബോധനങ്ങൾ പലതും അവർ വിശ്വസിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. ഉദാഹരണമായി സഭാ സ്ഥാപനം, പരിശുദ്ധ കുർബാന സ്ഥാപനം, കർതൃപ്രാർത്ഥന, കൂദാശകൾ മുതലായവയെക്കുറിച്ചുള്ള യേശുവിന്റെ പഠിപ്പിക്കലുകൾ പെന്തക്കോസ്തർ സ്വീകരിക്കുന്നില്ല. ഇവയെക്കുറിച്ചുള്ള ശരിയായ പ്രബോധനങ്ങൾ അവർക്കില്ലെന്നു മാത്രമല്ല, അവർ തെററായ വിശ്വാസപ്രചരണം നടത്തുകയും ചെയ്യുന്നു.

### 3. അപ്പ 2:37 – 42 – ൽ പറയുന്നതുമാത്രമാണോ ക്രിസ്തീയ ജീവിതത്തിന് പരമപ്രധാനമായിട്ടുള്ളത്?

പെന്തക്കോസ്തർ പറയുന്നു അപ്പ 2:37-42 ആണ് ക്രിസ്തീയ ജീവിതത്തിനടിസ്ഥാനമായ വേദപുസ്തക ഭാഗമെന്ന്. എന്നാൽ ഈ അഭിപ്രായം ശരിയല്ല കാരണം, ഇത് ആദിമസഭയുടെ ജീവിതശൈലി മാത്രം വ്യക്തമാക്കുന്ന തിരുവചനഭാഗമാണ്. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള യേശുമിശിഹായുടെ പ്രബോധനങ്ങളും കല്പനകളുമാണ് ക്രിസ്തീയ ജീവിതത്തിന് പരമപ്രധാനമായിട്ടുള്ളത്.

www.malankaralibrary.com

അതോടൊപ്പം അപ്പസ്തോലന്മാർവഴി പകർന്നു നല്കപ്പെട്ടിട്ടുള്ള ക്രിസ്തീയ പാരമ്പര്യവും അവരുടെ പഠിപ്പിക്കലുകളും ആവശ്യമാണ്.

**4. അപ്പ 2:42 പറയുന്ന സഭയുടെ ലക്ഷണങ്ങൾ എന്തൊക്കെ?**

"അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ 2:42). ഈ തിരുവചനം സാക്ഷിക്കുന്ന സഭയുടെ ലക്ഷണങ്ങൾ നാലാണ്: അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന (സഭയുടെ ആരാധനക്രമപരമായ പ്രാർത്ഥന). സഭയുടെ ഈ ലക്ഷണങ്ങളിൽ ഒന്നുപോലും പെന്തക്കോസ്തർക്കില്ല.

*ഒന്നാമത്തേത്*, "അപ്പസ്തോലന്മാരുടെ പ്രബോധനം" പെന്തക്കോസ്തർ അംഗീകരിക്കുന്നില്ല. *രണ്ടാമതായി*, സഭാ കൂട്ടായ്മയിൽനിന്നു മാറി നില്ക്കുന്നവർ എന്ന നിലയിൽ "കൂട്ടായ്മ"യും അവർക്കില്ല. *മൂന്നാമതായി*, സത്യസഭയുടെ ഉറവിടവും ഹൃദയവുമായ പരിശുദ്ധ കുർബാന അഥവാ "അപ്പം മുറിക്കൽ" പെന്തക്കോസ്തു ഗ്രൂപ്പുകൾക്കില്ല, കാരണം അപ്പസ്തോല പൈതൃകവും ശുശ്രൂഷാ പൗരോഹിത്യവും അവർ അംഗീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ കൂദാശകൾ പരികർമ്മം ചെയ്യുവാൻ അധികാരമുള്ള പുരോഹിതർ അവർക്കില്ല. ക്രിസ്തു വിശ്വാസികളായ ആരെങ്കിലുമൊക്കെ ഒന്നുചേർന്ന് നടത്തുവാനുള്ള ഒരു കർമ്മമല്ലല്ലോ അപ്പം മുറിക്കൽ. *നാലാമതായി*, സഭയുടെ ആരാധനക്രമപരമായ പ്രാർത്ഥനയിലും അവർക്കു പങ്കാളിത്തമില്ല. നമ്മുടെ സ്വയംപ്രേരിത പ്രാർത്ഥന ആരാധനക്രമപരമായ പ്രാർത്ഥനക്കു പകരമാവുകയില്ലല്ലോ. അപ്പ 2:37-42 തങ്ങളുടെ വിശ്വാസജീവിതത്തിനടിസ്ഥാനമായി കണക്കാക്കുന്ന പെന്തക്കോസ്തു ഗ്രൂപ്പുകൾക്ക് ഇതു സാക്ഷ്യപ്പെടുത്തുന്ന സത്യസഭയുടെ സ്വഭാവ സവിശേഷതകളിൽ ഒന്നുപോലും ഇല്ലെന്നുള്ളത് അത്ഭുതാവഹംതന്നെ!

**5. സഭാധിഷ്ഠിതമായ ജീവിതസാക്ഷ്യമല്ലേ പ്രധാനം?**

അതെ. സഭാധിഷ്ഠിതമായ കൂട്ടായ്മയുടെ ജീവിതമാണ് ക്രിസ്തീയ സാക്ഷ്യത്തിന് ഏററവും പ്രധാനമായിട്ടുള്ളത്. എന്നാൽ തിരുസ്സഭയിൽനിന്നകന്നുമാറി തെററായ വിശ്വാസപ്രചരണം നടത്തുകയും, വിശ്വാസികളെ പരസ്പരം ഭിന്നിപ്പിക്കുകയും ചെയ്യുന്ന പെന്തക്കോസ്തരുടെ രീതികൾ ക്രിസ്തീയ സ്നേഹഐക്യ സാക്ഷ്യത്തിനുപകരം ഭിന്നിപ്പിന്റെ എതിർ സാക്ഷ്യമാണു നല്കുന്നത്.

www.malankaralibrary.com

**6. പെന്തക്കോസ്തർ സഭയെക്കുറിച്ചുള്ള ദൈവഹിതം അംഗീകരിക്കുകയും നിറവേററുകയുംചെയ്യുന്നുണ്ടോ?**

ഇല്ല. കാരണം, ***ഒന്നാമതായി*** അവർ മത്താ 16:18-19-ൽ പറയുന്നതനുസരിച്ചുള്ള പത്രോസിന്റെ പരമാധികാരം അംഗീകരിക്കുന്നില്ല. ***രണ്ടാമതായി***, യോഹ 17:21-ൽ യേശുവിന്റെ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്ന സഭൈക്യത്തെക്കുറിച്ചുള്ള അവിടുത്തെ ഹൃദയാഭിലാഷത്തിനെതിരായി പ്രവർത്തിച്ച് സഭാഗാത്രത്തിൽ ഭിന്നിപ്പുണ്ടാക്കുകയും ചെയ്യുന്നു. ***മൂന്നാമതായി***, യേശുനാഥൻ നേരിട്ട് ഭരമേല്പ്പിച്ച് ക്രിസ്തുശിഷ്യർവഴി കൈമാററപ്പെട്ട ക്രിസ്തീയ പാരമ്പര്യവും തിരുസ്സഭയുടെ പ്രബോധനങ്ങളും അവർ സംരക്ഷിക്കുന്നില്ല. ***നാലാമതായി***, കർത്താവിന്റെ കല്പനയനുസരിച്ച് ക്രിസ്തുശിഷ്യർ നല്കുവാൻ കടപ്പെട്ടിട്ടുള്ള പരസ്പരസ്നേഹ ഐക്യത്തിന്റെ സാക്ഷ്യത്തിനുപകരം അവർ ഭിന്നിപ്പിന്റെ എതിർസാക്ഷ്യം നല്കുന്നു.

**7. പെന്തക്കോസ്തർ അവതരിപ്പിക്കുന്ന ക്രിസ്തീയ ജീവിതശൈലി രക്ഷാകരമാണോ?**

അല്ല. കാരണം രക്ഷയിലേക്കുവളരാനുള്ള ദൈവനിശ്ചിതവും സഭാപരവുമായ സുനിശ്ചിതമാർഗ്ഗങ്ങൾ (പ്രത്യേകിച്ച് തിരുസ്സഭയുടെ പ്രബോധനങ്ങളും, പരിശുദ്ധ കുർബാനയും, മററു കൂദാശകളും) അവർ അംഗീകരിക്കുന്നില്ല. മാത്രമല്ല, തെററായ ഉപദേശങ്ങളിലൂടെയും പഠിപ്പിക്കലുകളിലൂടെയും കർത്താവിന്റെ മൗതീകശരീരമാകുന്ന സഭയിൽ പിളർപ്പുണ്ടാക്കുകയും ചെയ്യുന്നു. സഭാകൂട്ടായ്മയിൽനിന്ന് സ്വയം വെട്ടിമാററപ്പെട്ട് അകന്നുപോകുന്നവർക്ക് ദൈവീകജീവനിൽ അഥവാ രക്ഷയുടെ അനുഭവത്തിൽ വളരുന്നതിനു സാധിക്കില്ലല്ലോ. വി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ, സഭാഗാത്രം വഴിയായി യേശുവിൽ വസിക്കാത്തവർ "മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു. അത്തരം കമ്പുകൾ ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നു" (യോഹ 15:6).

**8. രക്ഷയെക്കുറിച്ചുള്ള ശരിയായ പ്രബോധനം പെന്തക്കോസ്തർക്കുണ്ടോ?**

ഇല്ല, രക്ഷയെക്കുറിച്ചുള്ള അവരുടെ കാഴ്ച്ചപ്പാടും പഠിപ്പിക്കലുകളും അപൂർണ്ണവും വികലവുമാണ്.

**9. എന്താണ് രക്ഷയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്?**

പരമപിതാവായ ദൈവം സൃഷ്ടിയിലൂടെ ലക്ഷ്യംവച്ചതും യേശുക്രിസ്തുവിലൂടെ സാക്ഷാത്കരിച്ചതും തിരുസ്സഭയിലൂടെ യുഗാ

www.malankaralibrary.com

ന്ത്യപൂർത്തീകരണത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നതുമായ രക്ഷാകരപ്രവർത്തനങ്ങൾവഴി മനുഷ്യനു ലഭിക്കുന്ന സമഗ്രവിമോചനവും ദൈവീകജീവനിലുള്ള പങ്കാളിത്തവുമാണ് രക്ഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. രക്ഷയുടെ ഈ അനുഭവത്തെ വരാനിരിക്കുന്ന ക്രോധത്തിൽനിന്നുള്ള മോചനമായും (1 തെസ്സ 1:10), യേശുക്രിസ്തുവിലുള്ള ജീവനായും വി. പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നു. "ഉറക്കത്തിലും ഉണർവിലും നാം അവനോടൊന്നിച്ചു ജീവിക്കേണ്ടതിനാണ് അവൻ നമുക്കുവേണ്ടി മരിച്ചത്" (1 തെസ്സ 5:10). കർത്താവിന്റെ പ്രത്യാഗമനത്തിൽ സമാഗതമാകുന്ന രാജ്യമായിട്ടാണ് 2തെസ്സ 1:5 മുതലുള്ള വാക്യങ്ങളിൽ രക്ഷയെ അവതരിപ്പിച്ചിരിക്കുന്നത്.

രക്ഷയുടെ അനുഭവം ഒരു നിമിഷംകൊണ്ടു ലഭിക്കുന്നതല്ല. ക്രമാനുഗതമായ ഒരു വളർച്ചയുടെ ഒരുപാതയുണ്ടിതിന്. വി. പൗലോസ് ശ്ലീഹാ എഫേ 2:22-ൽ പറയുന്നതുപോലെ, "കർത്താവിൽ പരിശുദ്ധമായ ആലയമായി നിങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങൾ അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു." "കർത്താവിന്റെ മഹത്വം കണ്ണാടിയിലെന്നപോലെ മൂടുപടമണിയാത്ത മുഖത്തു പ്രതിഫലിക്കുന്ന നാമെല്ലാവരും അവിടുത്തെ സാദൃശ്യത്തിലേക്ക്, മഹത്വത്തിൽനിന്നു മഹത്വത്തിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് ആത്മാവായ കർത്താവിന്റെ ദാനമാണ്" (2 കൊറി 3:14-18).

## 10. എന്താണ് ദൈവത്തിന്റെ രക്ഷാകരപദ്ധതി?

തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ തന്നോടുകൂടെ പാർപ്പിച്ചുകൊണ്ട് ജീവന്റെ സമൃദ്ധിയിലേക്കു നയിക്കുകയും, അവനിലൂടെ സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ തന്റെ പരമാധിപത്യത്തിലേക്കുയർത്തുകയും ചെയ്യാനുള്ള ദൈവീക പദ്ധതിയാണ് രക്ഷാകരപദ്ധതി. മനുഷ്യൻ തിന്മചെയ്ത് ദൈവത്തിൽനിന്നകന്നിട്ടും ദൈവം അവനെ ഉപേക്ഷിച്ചില്ല. പലമാർഗ്ഗങ്ങളിലൂടെ മനുഷ്യനെ തന്നോടനുരഞ്ജിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയാണ് പിതാവായ ദൈവം തന്റെ പദ്ധതി സാക്ഷാത്കരിച്ചത്. അങ്ങനെ പ്രപഞ്ചസൃഷ്ടിയിലാരംഭിച്ച ത്രീയേക ദൈവത്തിന്റെ രക്ഷാകര പദ്ധതി സൃഷ്ടി, പതനം, ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്, പുറപ്പാട്, ഉടമ്പടി, കാനാൻദേശപ്രവേശനം, പ്രവാസം എന്നീ വിവിധ ഘട്ടങ്ങൾ കഴിഞ്ഞ് ക്രിസ്തുസംഭവത്തിൽ സാക്ഷാത്കരിക്കപ്പെടുകയും തിരുസ്സഭയിലൂടെ യുഗാന്ത്യപൂർത്തീകരണത്തി

www.malankaralibrary.com

ലേക്കു നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**11. രക്ഷ വ്യക്തിഗതതലത്തിൽ മാത്രമാണോ വിശദീകരിക്കേണ്ടത്?**

അല്ല. കാരണം, രക്ഷ കേവലം വ്യക്തിപരം മാത്രമല്ല, സഭാത്മകവും സാർവത്രീകവുമാണ്. കർത്താവു വന്നത് ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം വ്യക്തിപരമായി രക്ഷിക്കാനല്ല, മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷയ്ക്കായിട്ടാണ്. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ, ക്രിസ്തു മൂലക്കല്ലായി പണിതുയർത്തപ്പെട്ട സമൂഹമാണ് സഭ (എഫേ 2:20). രക്ഷയുടെ സഭാത്മകവും സാർവ്വത്രീകവുമായ ഈ മാനത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വവും അവഗണിക്കാവുന്നതല്ല. ക്രിസ്തുവിലൂടെ സാക്ഷാത്കൃതമായ രക്ഷ പരിശുദ്ധാത്മാവിന്റെ സഹായത്താലുള്ള നമ്മുടെ സ്വതന്ത്രമായ പ്രത്യുത്തരത്തിലൂടെ നാം ഓരോരുത്തരും സ്വീകരിക്കുകയും അതിൽ നിരന്തരം വളരുകയും ചെയ്യേണ്ടതാണ്.

**12. രക്ഷ നമ്മുടെ സ്വന്തം പ്രവർത്തനങ്ങളുടെ ഫലമാണോ?**

അല്ല. **പെന്തക്കോസ്തർ പറയുന്നതുപോലെ, ജ്ഞാനസ്നാനവും രക്ഷയും നമ്മുടെ നീതിപൂർവ്വമായ പ്രവർത്തിയുടെ പ്രതിഫലമായി ലഭിക്കുന്നതല്ല.** ദൈവത്തിന്റെ സൗജന്യവും അനർഹവുമായ കൃപാദാനമാണ് രക്ഷയെന്ന് വി. പൗലോസ് ശ്ലീഹാ ആവർത്തിച്ചു പ്രതിപാദിക്കുന്നുണ്ട്: " അവർ അവിടുത്തെ കൃപയാൽ യേശുക്രിസ്തുവഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതീകരിക്കപ്പെടുന്നു" (റോമ 3:24); "കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു.... വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവർത്തികളുടെ ഫലമല്ല. തന്മൂലം ആരും അതിൽ അഹങ്കരിക്കേണ്ടതില്ല"(എഫേ 2:4-9; തീത്തോ 3:4-8). ദൈവത്തിന്റെ സൗജന്യദാനമായ ഈ രക്ഷ നാം സ്വമനസ്സാ സ്വീകരിക്കുകയും, സഭാഗാത്രത്തിലുൾച്ചേർന്നുകൊണ്ട് രക്ഷയുടെ അനുഭവത്തിലേക്കു വളരുകയും ചെയ്യണം.

**13. എപ്പോഴാണ്, എങ്ങനെയാണ് നാം രക്ഷിക്കപ്പെട്ടവരാകുക?**

ക്രിസ്തുവിലുള്ള വിശ്വാസം ഏററുപറഞ്ഞ് സ്നാനം സ്വീകരിച്ച് തിരുസ്സഭാജീവിതത്തിൽ ഉൾച്ചേർന്നു ജീവിക്കുന്ന ക്രിസ്തുവിശ്വാസികൾ ക്രിസ്തുവിന്റെ പീഡാനുഭവം കുരിശുമരണം ഉത്ഥാനം എന്നിവയിലൂടെ അവിടുത്തെ കൃപയാലെ രക്ഷിക്കപ്പെടുന്നു. മുകളിൽ വ്യക്തമാക്കിയതുപോലെ ഇതിന് ക്രമാനുഗതമായ ഒരു വളർച്ചയുടെ പാതയുണ്ട്.

www.malankaralibrary.com

### 14. രക്ഷിക്കപ്പെടുന്നതിന് മുങ്ങിസ്നാനമേല്ക്കണമോ?

വേണ്ട. മുകളിൽ പറഞ്ഞതുപോലെ ക്രിസ്തുവിലുള്ള വിശ്വാസം ഏററുപറഞ്ഞ് സ്നാനം സ്വീകരിക്കുകയും, അതനു നസരിച്ച് ജീവിക്കുകയും ചെയ്യുമ്പോഴാണ് രക്ഷയുടെ അനുഭവത്തിലേക്കു നാം വളരുന്നത്. വിശ്വാസജീവിതം നയിക്കുന്നതിൽ പരാജയപ്പെട്ടാൽ ശിക്ഷിക്കപ്പെടുമെന്നും വി. ഗ്രന്ഥം സാക്ഷിക്കുന്നുണ്ട് (എഫേ 4:30; 1തെസ്സ 5:19; 1തിമോ 1:18-20; ഹെബ്രാ 6:4-6; 10:38; 2പത്രോ 2:20-22; റോമ 8:24).

### 15. കർത്താവു സഭ സ്ഥാപിച്ചോ?

ഉവ്വ്. മത്തായി 16:18 -ൽ ഇപ്രകാരം പറയുന്നു: "ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്: ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും.." കർത്താവ് തന്റെ ഈ വാഗ്ദാനമനുസരിച്ച് പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് പെന്തക്കോസ്തി നാളിൽ സഭ പരസ്യമായി ഉത്ഘാടനം ചെയ്യുകയും ചെയ്തു. എന്നാൽ പെന്തക്കോസ്തർ ഈ സത്യം നിഷേധിച്ചുകൊണ്ട് കർത്താവ് സഭ സ്ഥാപിച്ചില്ലെന്നാണ് വാദിക്കുന്നത്.

### 16. കർത്താവു സ്ഥാപിച്ച സത്യസഭ ഏതാണ്?

അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നീ സത്യസഭയുടെ ലക്ഷണങ്ങൾ സജീവമായി നിലനില്ക്കുന്ന സഭയാണ് കർത്താവു സ്ഥാപിച്ച സഭ. പത്രോസാകുന്ന പാറമേൽ യേശുക്രിസ്തു അടിസ്ഥാനമിട്ടതും (മത്താ 16:18-19), കാതോലികം (സാർവ്വത്രികം), ശ്ലൈഹീകം, ഏകം, വിശുദ്ധം എന്നീ നാലു ലക്ഷണങ്ങളുള്ളതുമായ കത്തോലിക്കാ സഭയാണ് നമ്മുടെ കർത്താവിനാൽ സ്ഥാപിതമായ സത്യസഭയെന്നത് സുവ്യക്തമായ കാര്യമാണ്. കർത്താവു സ്ഥാപിച്ച ഈ സത്യസഭയാണ് പെന്തക്കോസ്തി തിരുനാളിൽ പരസ്യമായി ഉത്ഘാടനം ചെയ്യപ്പെട്ടത്.

### 17. ഈ സഭയിൽ തുടരുന്ന ശുശ്രൂഷകൾ എന്തൊക്കെയാണ്?

സുവിശേഷപ്രഘോഷണം; ആരാധനക്രമപരമായ ശുശ്രൂഷയിലൂടെ രക്ഷാകരരഹസ്യങ്ങൾ സകല ജനപദത്തിനും സംലഭ്യമാക്കുക; ദൈവവചനത്തിന്റെയും വിശ്വാസരഹസ്യങ്ങളുടെയും സംരക്ഷണവും, വളർത്തിപരിപോഷിപ്പിച്ചുകൊണ്ടുള്ള കൈമാറലും; അപ്പസ്തോലിക പാരമ്പര്യം ആദിമ സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രപരവും ആദ്ധ്യാത്മീകവുമായ പ്രബോധനങ്ങൾ മുതലായവ ഉൾക്കൊണ്ടുകൊണ്ടുള്ള ജീവിതശൈലി; ക്രിസ്തീയ സന്യാസ സമൂഹ

www.malankaralibrary.com

ങ്ങളുടെ സംഭാവനകളും അപ്പസ്തോലിക പ്രവർത്തനങ്ങളും, പ്രത്യേകിച്ച് വിദ്യാഭ്യാസം ആതുരസേവനം തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അനേകം സമർപ്പിതാത്മാക്കളുടെ സഹസ്രാബ്ദ ശുശ്രൂഷകൾ; പരി. ദൈവമാതാവിന്റെയും, വിശുദ്ധരുടെയും മാദ്ധ്യസ്ഥവും അനുഗ്രഹങ്ങളും സംരക്ഷണവും സർവ്വ ജനത്തിനും സംലഭ്യമാക്കുക; മുതലായവയാണ് കത്തോലിക്കാ സഭയുടെ നിരവധി ശുശ്രൂഷകളിൽ പ്രധാനമായവ. ഇവയെല്ലാം കത്തോലിക്കാ സഭയിലല്ലാതെ ഇതരസഭകളിലെവിടെയെങ്കിലും ഉള്ളതായി അറിയാമോ?

**18. റോമാ മാർപാപ്പായുടെ പരമാധികാരം വേദപുസ്തകാധിഷ്ഠിതമോ?**

അതേ, മുകളിൽ പറഞ്ഞ തിരുവചനപ്രകാരം (മത്താ 16:18 –19), പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പയുടെ പരമാധികാരം യേശുക്രിസ്തുവിനാൽ നൽകപ്പെട്ടതും വേദപുസ്തകാധിഷ്ഠിതവുമാണ്. സഭയ്ക്കുള്ളിൽ ഭിന്നിപ്പുകൾ ആരംഭിക്കുന്നതുവരെ പത്രോസിന്റെ സിംഹാസനത്തിന്റെ തുടർച്ചയായി റോമാ മാർപാപ്പായുടെ അധികാരത്തെ സാർവ്വത്രികമായി അംഗീകരിച്ചിരുന്നു എന്നത് ഒരു ചരിത്രസത്യവുമാണല്ലോ.

**19. ശിശുസ്നാനം തെറ്റാണെന്ന പെന്തക്കോസ്തരുടെ വാദഗതി ശരിയോ?**

ശരിയല്ല. ശിശുസ്നാനം തെറ്റെന്ന് ബൈബിളിലോ സഭാപാരമ്പര്യത്തിലോ ഒരിടത്തും പറഞ്ഞിട്ടില്ല. സഭയുടെ ആരംഭത്തിൽ ഇതരവിശ്വാസത്തിൽപെട്ട മുതിർന്നവർ ഒററയ്ക്കും കുടുംബസമേതമായിട്ടുമാണ് യേശുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ചിരുന്നത്. ആദിമസഭയിൽ പലരും കുടുംബസമേതം സ്നാനം സ്വീകരിച്ചുവെന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 16:15, 33; 18:8; 1കൊറി 1:16).

എന്നാൽ, "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോസ് 16:15–16) എന്ന തിരുവചനത്തിലെ, "വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും" എന്ന ഭാഗം മാത്രം ഉദ്ധരിച്ചുകൊണ്ട് പെന്തക്കോസ്തർ പറയുന്നത് ശിശുക്കൾക്കു സ്നാനം നല്കാൻ പാടില്ല കാരണം അവർക്ക് വിശ്വസിച്ച് സാനാനം സ്വീകരിക്കാനോ അനുതപിക്കാനോ കഴിയില്ല. പെന്തക്കോസ്തരുടെ ഈ വാദഗതി ശരിയല്ല, കാരണം ഇതു ശിശുസ്നാനത്തെക്കുറിച്ചു പറയുന്ന ബൈബിൾ ഭാഗമല്ല, ഉത്ഥാനം ചെയ്ത കർത്താവ് അപ്പസ്തോ

www.malankaralibrary.com
ലന്മാരെ പ്രേഷിതദൗത്യം ഏൽപ്പിക്കുന്ന ഭാഗമാണ്. സുവിശേഷം പ്രസംഗിക്കാനും അതുകേട്ട് വിശ്വാസത്തോടെ പ്രത്യുത്തരിക്കുന്നവർക്ക് സ്നാനം നല്കാനുമാണ് കർത്താവ് കല്പിച്ചത്. സുവിശേഷം പ്രസംഗിക്കപ്പെടുന്നത് മുതിർന്നവരോടാണ്, ശിശുക്കളോടല്ലല്ലോ. ക്രിസ്തുശിഷ്യർ ഉത്ഥിതനായ കർത്താവിനെ ലോകം മുഴുവനും അറിയിക്കണം അതുവഴി ഇതരവിശ്വാസത്തിൽപെട്ടവർ മനസ്സുതിരിഞ്ഞ് കർത്താവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ച് സഭാംഗങ്ങളാകണം എന്നതാണ് ഈ തിരുവചനഭാഗത്തിന്റെ ഉദ്ദേശം. ശിശുക്കൾക്ക് സ്നാനം കൊടുക്കരുതെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല

മാത്രമല്ല. ശിശുക്കളെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്ന് യേശുനാഥൻ കല്പ്പിക്കുകയും സ്വർഗ്ഗരാജ്യം ഇവരെപ്പോലെയുള്ളവർക്കാണെന്നു പറഞ്ഞ് തന്റെ കരങ്ങളാൽ അവിടുന്ന് അവരെ ആശീർവദിക്കുകയും ചെയ്തു (മർക്കോ 10:13-16; മത്താ. 19:13-15; ലൂക്കാ 18:15-17). ക്രിസ്തീയ മാതാപിതാക്കളിൽനിന്നു ജനിച്ച ശിശുക്കൾക്കു ജ്ഞാനസ്നാനം നല്കണമെന്നു സഭാപാരമ്പര്യം നമ്മെ പഠിപ്പിക്കുന്നുമുണ്ട്. യേശുവിന്റെ മാതാപിതാക്കൾ എട്ടാംദിവസം ശിശുവിനെ ദേവാലയത്തിൽ സമർപ്പിച്ചതുപോലെ (ലൂക്കാ 2:21) ക്രിസ്തീയ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ എത്രയും വേഗം മാമോദീസാ വഴിയായി ത്രീയേകദൈവത്തിന്റെ നാമത്തിൽ മുദ്രകുത്തി ദൈവത്തിനു സമർപ്പിക്കുകയും ദൈവീക കൂട്ടായ്മയിലെ അംഗങ്ങളാക്കിത്തീർക്കുകയും ചെയ്യാൻ കടപ്പെട്ടിരിക്കുന്നു.

### 20. കുഞ്ഞുങ്ങൾക്ക് തിരിച്ചറിവില്ല എന്നത് മാമോദീസാ സ്വീകരിക്കുന്നതിന് തടസ്സമാകുമോ?

ഇല്ല. മാമോദീസാ വഴി ലഭിക്കുന്ന ദൈവകൃപയും ദൈവീക ജീവനും ക്രിസ്തീയ മാതാപിതാക്കളിൽനിന്നു ജനിക്കുന്ന കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ദൈവീക കൂട്ടായ്മയുടെ പിതൃസ്വത്താണ്. ഇതവർക്കു പകർന്നു നല്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. തിരിച്ചറിവുപ്രായംവരെ അതിനുവേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല. കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കാവശ്യമായ ഭക്ഷണം, വിദ്യാഭ്യാസം മുതലായവയെല്ലാം അവർ തിരിച്ചറിഞ്ഞ് ആവശ്യപ്പെട്ടിട്ടല്ലല്ലോ നാം നല്കുന്നത്.

### 21. ശിശുക്കൾക്ക് സ്നാനം നല്കുമ്പോൾ അവർക്കുവേണ്ടി മാതാപിതാക്കൾ (തലത്തൊട്ടപ്പനോ അമ്മയോ) വിശ്വാസം ഏററുപറയുന്നത് പ്രസക്തമോ?

അതെ. 1 കൊറി 15:29-ൽ പറയുന്നതുപോലെ ആദിമസഭയിൽ യേശുവിൽ വിശ്വസിക്കാനോ അനുതപിക്കാനോ കഴിയാതെ

www.malankaralibrary.com
മരണമടഞ്ഞവർക്കുവേണ്ടിപ്പോലും ആളുകൾ ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നുവെങ്കിൽ തങ്ങളുടെ കുഞ്ഞുങ്ങൾക്കുവേണ്ടി മുതിർന്നവർ വിശ്വാസം ഏററുപറഞ്ഞുകൊണ്ട് അവർക്കു സ്നാനം നല്കുന്നതുകൊണ്ടു ഫലമില്ലേ? തങ്ങളുടെ വിശ്വാസപൈതൃകത്തിൽ കുഞ്ഞുങ്ങളെ വളർത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ്. മാത്രമല്ല ക്രിസ്തീയ കുടുംബങ്ങളിൽ ജനിച്ച കുഞ്ഞുങ്ങൾക്ക് ക്രിസ്തീയവിശ്വാസം പിതൃസ്വത്തുപോലെയാണ്, അവർ ജനനത്താലേ ക്രിസ്തുവിനുള്ളവരും.

## 22. ശിശുക്കൾക്കു ദൈവാത്മാവിനെ പ്രാപിക്കുവാൻ സാധിക്കുകയില്ലെന്ന വാദഗതി ശരിയോ?

ശരിയല്ല. യേശുവിനെ ഉദരത്തിൽ വഹിച്ചിരുന്ന മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ എലിസബത്തിന്റെ ഉദരത്തിലായിരുന്ന ശിശുവിന് ആത്മാഭിഷേകം ലഭിച്ചുവെന്ന് തിരുവചനം സാക്ഷിക്കുന്നു. "മറിയത്തിന്റെ അഭിവാദനസ്വരം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി.... ഇതാ നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി" (ലൂക്കാ 1:41-44). "ശിശു കുതിച്ചുചാടി" എന്ന് രണ്ടുപ്രാവശ്യം ഇവിടെ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ആനന്ദത്താലുള്ള ഈ കുതിച്ചുചാട്ടം ആത്മാഭിഷേകത്തിന്റെ ലക്ഷണമാണ്. യേശുവിനെ ഉദരത്തിൽ വഹിച്ച മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ എലിസബത്തിന്റെ ഉദരത്തിലായിരുന്ന ശിശുപോലും ഇപ്രകാരം ആത്മാഭിഷേകം പ്രാപിച്ചുവെങ്കിൽ പരിശുദ്ധ കുർബാന നിരന്തരം സ്വീകരിച്ച് ക്രിസ്തീയമായി ജീവിക്കുന്ന ഭക്തരായ സ്ത്രീകളുടെ ഉദരത്തിലായിരിക്കുന്ന ശിശുക്കൾ എത്രയധികമായി ദൈവാത്മ ചൈതന്യത്താൽ നിറയുമെന്നു ചിന്തിക്കുക. ഇപ്രകാരമുള്ള കുഞ്ഞുങ്ങൾക്ക് ക്രിസ്തീയവിശ്വാസം പിതൃസ്വത്തുപോലെ അവരുടെ അവകാശവും ദൈവത്തിന്റെ സൗജന്യ ദാനവുമാണ്. ഇതവർക്ക് പകർന്നു കൊടുക്കേണ്ടതാണ്, നിരസിക്കാൻ ആർക്കും അവകാശമില്ല.

## 23. മുങ്ങിസ്നാനമേറ്റാൽ മാത്രമേ ആത്മാഭിഷേകം ലഭിക്കുകയുള്ളു എന്ന വാദം ശരിയോ?

പെന്തക്കോസ്തരുടെ ഈ വാദഗതിയും വേദപുസ്തക അടിസ്ഥാനത്തിൽ ശരിയല്ല. കാരണം അപ്പസ്തോലന്മാരുടെ പ്രസംഗം

www.malankaralibrary.com

കേട്ടുകൊണ്ടിരുന്ന ജ്ഞാനസ്നാനം സ്വീകരിക്കാത്തവരിൽപോലും പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടായി എന്നാണ് അപ്പ 10:44-46 സാക്ഷിക്കുന്നത്: "പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ കേട്ടുകൊണ്ടിരുന്ന എല്ലാവരുടേയും മേൽ പരിശുദ്ധാത്മാവ് വന്നു. വിജാതീയരുടെ മേൽപോലും പരിശുദ്ധാത്മാവിന്റെ ദാനം വർഷിക്കപ്പെട്ടതിനാൽ പത്രോസിനോടുകൂടെവന്നിരുന്ന പരിച്ഛേദിതരായ വിശ്വാസികൾ വിസ്മയിച്ചു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ സ്തുതിക്കുന്നതും അവർ കേട്ടു." മുകളിൽ സൂചിപ്പിച്ചതുപോലെ, ലൂക്കാ 1:39-45 -ൽ എലിസബത്തും അവളുടെ ഉദരത്തിലായിരുന്ന ശിശുവും യേശുവിനെ ഉദരത്തിൽ വഹിച്ചിരുന്ന മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ പരിശുദ്ധാത്മാവു നിറഞ്ഞവരായി.

## 24. പെന്തക്കോസ്തർ നല്കുന്ന മുങ്ങിസ്നാനമേറ്റാൽ പരിശുദ്ധാത്മാവിനെ ലഭിക്കുമോ?

ഇല്ലെന്നാണ് വി. ഗ്രന്ഥം സാക്ഷിക്കുന്നത്. സ്നാപകയോഹന്നാൻ നല്കിയ ജലത്താലുള്ള സ്നാനം വഴിയായി പരിശുദ്ധാത്മാവിനെ ലഭിച്ചതായി ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ലഭിക്കുകയില്ലെന്നുള്ളതിന് രണ്ടു പ്രധാന തെളിവുകൾ കാണുന്നു:

1) താൻ നല്കിയ സ്നാനം പരിശുദ്ധാത്മാവിനാലുള്ള സ്നാനമല്ലെന്ന് സ്നാപകയോഹന്നാൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു (മത്താ 3:11; മർക്കോ 1:8; ലൂക്കാ 3:16; യോഹ 1:33).

2) യോഹന്നാൻ നല്കിയ ജലത്താലുള്ള സ്നാനം വഴി വിശ്വാസം സ്വീകരിച്ചവർക്കും പരിശുദ്ധാത്മാവിനെ ലഭിച്ചില്ലെന്ന് ബൈബിൾ സാക്ഷിക്കുന്നു. ഉദാഹരണമായി പൗലോസ് എഫേസോസ്യരോടു ചോദിച്ചു: "നിങ്ങൾ വിശ്വാസികളായപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ? അവർ പറഞ്ഞു: ഇല്ല, പരിശുദ്ധാത്മാവ് എന്നൊന്ന് ഉണ്ടെന്ന് ഞങ്ങൾ കേട്ടിട്ടുപോലുമില്ല. അവൻ ചോദിച്ചു എങ്കിൽപിന്നെ നിങ്ങൾ ഏതു സ്നാനമാണു സ്വീകരിച്ചത്? അവർ പറഞ്ഞു: യോഹന്നാന്റെ സ്നാനം. അപ്പോൾ പൗലോസ് പറഞ്ഞു യോഹന്നാൻ തനിക്കു പിന്നാലെ വരുന്നവനിൽ, അതായത്, യേശുവിൽ വിശ്വസിക്കണമെന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് അനുതാപത്തിന്റെ സ്നാനമാണു നല്കിയത്. അവർ ഇതുകേട്ട് കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചു. പൗലോസ് അവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു" (അപ്പ 19:1-6; 8:12-17 ഉം വായിക്കുക).

www.malankaralibrary.com

**25. യേശുവിന്റെ സ്നാനം പോലെ ബാക്കിയുള്ളവരും പ്രായപൂർത്തിയായിട്ടേ സ്നാനം സ്വീകരിക്കാവൂ എന്ന പെന്തക്കോസ്തരുടെ വാദം ശരിയോ?**

ഈ താരതമ്യം തെറ്റാണ്, കാരണം യേശുവിന്റെയും നമ്മുടെയും സ്നാനത്തിന്റെ ഉദ്ദേശ്യങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. യേശു സ്നാനം സ്വീകരിച്ചത് നമ്മുടെ സ്നാനംപോലെ സ്വന്തം പാപമോചനത്തിനും വ്യക്തിപരമായ വിശുദ്ധീകരണത്തിനും വേണ്ടിയോ, ദൈവപുത്രത്വം സ്വീകരിക്കുന്നതിനുവേണ്ടിയോ, പരിശുദ്ധാത്മാവിനെ പ്രാപിക്കാൻവേണ്ടിയോ അല്ല. നേരേമറിച്ച് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്നതിനും, ലോകത്തെ വിശുദ്ധീകരിച്ച് ദൈവത്തിലേക്ക് അഥവാ രക്ഷയുടെ അനുഭവത്തിലേക്കുയർത്തുക എന്ന തന്റെ ദൗത്യം നിറവേററുന്നതിനും വേണ്ടിയാണ്.

**26. ക്രിസ്തീയ മാമോദിസായെ സ്നാപകയോഹന്നാന്റെ സ്നാനവുമായി താരതമ്യം ചെയ്യാമോ?**

പാടില്ല, കാരണം സ്നാപകയോഹന്നാൻ നല്കിയത് ജലത്താലുള്ള അനുതാപത്തിന്റെ സ്നാനമാണ്. ക്രിസ്തീയ മാമോദിസാ നമ്മെ ദൈവമക്കളുടെ സ്ഥാനത്തേക്കുയർത്തുകയും രക്ഷയുടെ അനുഭവത്തിലേക്കു നയിക്കുകയും ചെയ്യുന്ന ജലത്താലും ആത്മാവിനാലുമുള്ള സ്നാനമാണ്. അതിന്റെ പരികർമ്മി കർത്താവായ യേശുതന്നെയാണ്. സ്നാപകയോഹന്നാൻതന്നെ ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. "എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെവരുന്നു. കുനിഞ്ഞ് അവന്റെ ചെരിപ്പിന്റെ വള്ളികൾ അഴിക്കാൻപോലും ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങൾക്കു ജലംകൊണ്ടുള്ള സ്നാനം നല്കി. അവനോ പരിശുദ്ധാത്മാവിനാൽ നിങ്ങൾക്കു സ്നാനം നല്കും" (മർ 1:7-8). താൻ നല്കിയത് മാനസാന്തരത്തിനായി ജലത്താലുള്ള സ്നാനമാണെന്നാണ് മത്താ 3:11 -ൽ സ്നാപകയോഹന്നാൻതന്നെ പറയുന്നത്. യേശുവിനെ ലോകത്തിനു വെളിപ്പെടുത്തുകയും (യോഹ 1:31), ജനത്തെ അനുതാപത്തിലേക്കു ക്ഷണിക്കുകയുമാണ് (ലൂക്കാ 3:3; അപ്പ 19:4), സ്നാപകയോഹന്നാൻ നല്കിയ സ്നാനത്തിന്റെ ഉദ്ദേശ്യം. ക്രിസ്തീയ മാമോദിസാ സ്നാപകയോഹന്നാൻ നല്കിയ സ്നാനത്തിൽനിന്നു വ്യത്യസ്തമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ.

**27. സ്നാപകയോഹന്നാന്റെ മുങ്ങിസ്നാനം ക്രിസ്തീയ മാമോദീസായിലും സ്വീകരിക്കണമോ?**

ആവശ്യമില്ല, കാരണം മുകളിൽ വ്യക്തമാക്കിയതുപോലെ സ്നാപകയോഹന്നാൻ നല്കിയതുപോലുള്ള സ്നാനമല്ല ക്രിസ്തീയ

www.malankaralibrary.com

മാമോദീസാ, യേശു സ്നാപകയോഹന്നാനിൽ നിന്നു സ്വീകരിച്ച സ്നാനവുമല്ല. അതിനാൽ സ്നാനം മുങ്ങിയുള്ളതാകണം എന്ന പെന്ത ക്കോസ്തരുടെ വാദം ശരിയല്ല.

**28. ജ്ഞാനസ്നാനം വഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ച് തിരുസ്സഭയിലെ അംഗങ്ങളായവർ പെന്തക്കോസ്തർ പറയുന്ന പൂർണ്ണ സ്നാനം അഥവാ രണ്ടാം സ്നാനം സ്വീകരിക്കുന്നത് ശരിയോ?**

ശരിയല്ല, ബൈബിളിന്റെ അടിസ്ഥാനത്തിലും തിരുസ്സഭാപാരമ്പര്യമനുസരിച്ചും ഇത് തികച്ചും തെററാണ്. കാരണം "ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു" (എഫേസൂസ് 4:5) എന്ന് വി. പൗലോസ് ശ്ലീഹാ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. "പാപമോചനത്തിനുള്ള മാമോദിസാ ഒന്നു മാത്രമേയുള്ളു" എന്ന് ആദിമസഭയിൽ ഉരുവായ നിഖ്യാ വിശ്വാസ പ്രമാണത്തിൽ നാം ഏററുപറയുകയും ചെയ്യുന്നു. ഇതു നാം അറിഞ്ഞിരിക്കേണ്ട ഒരു പ്രധാന വിശ്വാസ സത്യമാണ്. ഇതുലംഘിക്കുവാൻ ഇടവരരുത്.

**29. ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെടുന്നത് പെന്തക്കോസ്തൽ സമൂഹത്തിലൂടെയോ?.**

ദൈവീകജീവൻ നമുക്കു ലഭ്യമാകുന്നത് സഭയിലൂടെയാണ്. സഭയിൽനിന്ന് വേർപെട്ടുപോയവരോടു ചേർന്നാൽ പിന്നെങ്ങനെ ജീവൻ ലഭിക്കും? യോഹ 15:4-6 വ്യക്തമാക്കുന്നതുപോലെ സഭയിലൂടെ ക്രിസ്തുവിൽ വസിക്കാത്തവർ മുന്തിരിച്ചെടിയിൽനിന്ന് മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യും.

**30. ജ്ഞാനസ്നാനത്തിലൂടെ പരിശുദ്ധാത്മാവിനെ ലഭിച്ച എല്ലാവർക്കും ഭാഷാവരം ലഭിക്കുമോ?**

ഇല്ല. ലഭിക്കുമെന്ന ചിന്ത വേദപുസ്തകത്തിനു നിരക്കാത്ത തെററിദ്ധാരണയാണ്. കാരണം, 1കൊറി 12:8-11 -ൽ പറയുന്നതുപോലെ ദൈവം ഓരോരുത്തർക്കും വ്യത്യസ്ത ദാനങ്ങളാണ് നല്കുന്നത്.

**31. ഭാഷാവരം, രോഗശാന്തിവരം, പ്രവചനവരം, മുതലായവ ലഭിക്കുന്നതാണോ ആത്മാഭിഷേകം ലഭിക്കുന്നതിന്റെ യഥാർത്ഥ ലക്ഷണം?**

അല്ല, ഈ തെററിധാരണ പരിശുദ്ധാത്മാവിന്റെ ദാനഫലങ്ങളും, വരങ്ങളും തമ്മിലുള്ള വ്യത്യാസം അറിയാത്തതുകൊണ്ടുണ്ടാകുന്നതാണ്. പരിശുദ്ധാത്മാവിനോടു സഹകരിച്ചുവളരുന്ന വിശ്വാസികൾക്കെല്ലാം പൊതുവേ നല്കപ്പെടുന്ന ഏഴു ദാനങ്ങളാണ് ദൈവ

www.malankaralibrary.com
ഭയം (fear of God,), ആത്മശക്തി (fortitude), ദൈവഭക്തി (piety), ബുദ്ധി (understanding), അറിവ് (knowledge), ജ്ഞാനം (wisdom), വിവേകം (counsel) എന്നിവ (1 കൊറി 12:8-10; ഏശ 11:2). ഇതിൽ ആദ്യത്തെ മൂന്നുദാനങ്ങളും ദൈവവുമായുള്ള സ്നേഹബന്ധത്തിൽ വളരുന്നതിനും, അവസാനത്തെ നാലെണ്ണം നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിച്ച് അതിസ്വാഭാവികമായ ദൈവീകരഹസ്യങ്ങളറിയുന്നതിനും നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഈ ദാനങ്ങൾ സ്വീകരിച്ച് വളരുന്നവരിൽ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നീ ആത്മഫലങ്ങൾ ഉരുവാകുമെന്ന് വി. പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു (ഗലാ 5:22 -23 ). വ്യക്തികളുടെ നന്മയനുസരിച്ചായിരിക്കും സാധാരണ ഈ ആത്മഫലങ്ങൾ ഉളവാകുക. എന്നാൽ ഭാഷാവരം, വ്യാഖ്യാനവരം, പ്രവചനവരം, രോഗശാന്തിവരം അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരം എന്നിവ സ്വന്തം നന്മ യനുസരിച്ചുള്ളവയല്ല. എല്ലാവർക്കും ഇവ ലഭിക്കുന്നുമില്ല. മററുള്ള വരുടെ നന്മയ്ക്കുവേണ്ടി ദൈവത്താൽ നല്കപ്പെടുന്നവയാണ്.

### 32. ജ്ഞാനസ്നാനം യേശുവിന്റെ മാത്രം നാമത്തിൽ നല്കുന്നതു ശരിയോ?

"നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു സ്നാനം നല്കുവിൻ" എന്നാണ് കർത്താവ് കല്പിച്ചത് (മത്താ 20:19). ഈ തിരുവചനം അനുസരിച്ചും തിരുസ്സഭാ പാരമ്പര്യം അനുസരിച്ചും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവത്തിന്റെ നാമത്തിലാണ് ജ്ഞാനസ്നാനം നല്കേണ്ടത്. അപ്പ 2:38-39 അനുസരിച്ചു നോക്കുമ്പോഴും സ്നാനത്തോടു ബന്ധപ്പെടുത്തി പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അവതരിപ്പിച്ചിട്ടുണ്ട്: "പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും. ഈ വാഗ്ദാനം... നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ് " (അപ്പ 2:38-39). ദൈവത്തിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവും അവിടുത്തെ ദാനങ്ങളും വിശ്വസിക്കുന്ന എല്ലാവർക്കുമുള്ളതാണ്. എന്നാൽ എല്ലാവർക്കും ഒരേ ദാനങ്ങളല്ല അവിടുന്ന് നല്കുന്നത്. ഭാഷാവരം, പ്രവചനവരം, രോഗശാന്തിവരം മുതലായവയും എല്ലാവർക്കും ലഭിക്കുന്നതല്ല.

www.malankaralibrary.com

**33. തിരുസ്സഭയിലെ പൗരോഹിത്യ ശുശ്രൂഷയ്ക്കു പകരമാകുമോ അല്മായ ശ്രേഷ്ഠരുടെ ശുശ്രൂഷ?**

ആകുകയില്ല. തിരുസ്സഭയിലെ വൈദീകരുടെ പൗരോഹിത്യ ശുശ്രൂഷയ്ക്കും ആരാധനക്രമപരമായ പ്രാർത്ഥനകൾക്കും പകരമാവുകയില്ല അല്മായ ശ്രേഷ്ഠരുടെ ശുശ്രൂഷയും, സ്വയംപ്രേരിത പ്രാർ ത്ഥനകളും, സ്വന്ത വ്യാഖ്യാനമനുസരിച്ചുള്ള വചനപ്രഘോഷണവും.

**34. പൗരോഹിത്യം സഭയിൽ എങ്ങനെയുണ്ടായി?**

പഴയ നിയമത്തിലും പുതിയനിയമത്തിലും പൗരോഹിത്യം ദൈവത്താൽ സ്ഥാപിതമാണ്. യേശുക്രിസ്തുവിൽ അതു പൂർണ്ണമാക്കപ്പെട്ടു. സഭയുടെ പൗരോഹിത്യം യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കുചേരലും യേശുവിനാൽ സ്ഥാപിതവുമാണ്. "യേശു അവരെ (അപ്പസ്തോലന്മാരെ) സമീപിച്ച് അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:18-20).

**35. സഭയിലെ വൈദീക ബ്രഹ്മചര്യം വചനാധിഷ്ഠിതമാണോ?**

വചനാധിഷ്ഠിതമാണ്. കർത്താവായ യേശു തന്റെ പൗരോഹിത്യ ശുശ്രൂഷ പൂർത്തിയാക്കിയത് ബ്രഹ്മചാരിയായി ജീവിച്ചുകൊണ്ടാണ്. അപ്പസ്തോലന്മാരുടെ കൂട്ടത്തിൽ ചിലർ വിവാഹിതരായിരുന്നെങ്കിലും (മത്താ 8:14) യേശുമിശിഹായെപ്പോലെ അവിവാഹിതരും ഉണ്ടായിരുന്നു, ഉദാഹരണമായി വി. യോഹന്നാൻ ശ്ലീഹായും പൗലോസ് ശ്ലീഹായും. സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുന്നവരായിട്ടാണ് വി. മത്താ 19:12-ൽ ബ്രഹ്മചാരികളെ അവതരിപ്പിച്ചിരിക്കുന്നത്. പൗരോഹിത്യം അതിൽത്തന്നെ ബ്രഹ്മചര്യവ്രതം ആവശ്യപ്പെടുന്നില്ലെങ്കിലും ബ്രഹ്മചര്യം പൗരോഹിത്യത്തിനു തികച്ചും ഭൂഷണമാണ്. പൗലോസ് ശ്ലീഹായുടെ അഭിപ്രായത്തിൽ പൗരോഹിത്യ ശുശ്രൂഷയ്ക്ക് ബ്രഹ്മചര്യം ഏററം അഭികാമ്യമത്രേ, കാരണം വിവാഹിതരാകുന്നവർക്ക് ലൗകീകകാര്യങ്ങളിലുള്ള ക്ലേശ

www.malankaralibrary.com

ങ്ങളും വ്യഗ്രതയും ഉണ്ടാകും, അവരുടെ താല്പര്യങ്ങൾ വിഭജിക്കപ്പെട്ടുമിരിക്കും. എന്നാൽ അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു ചിന്തിച്ച് വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ കർത്താവിന്റെ കാര്യങ്ങളിൽ തല്പരനാകുന്നു. താൻ ഇതു പറഞ്ഞത് ആരുടെയും സ്വാതന്ത്ര്യത്തെ തടയുവാനല്ല, പ്രത്യുത, ഉചിതമായ ഒരു ജീവിതക്രമവും കർത്താവിനെ ഏകാഗ്രമായി ശുശ്രൂഷിക്കാൻ അവസരവും ഉണ്ടാകാൻവേണ്ടിയാണെന്ന് പൗലോസ് ശ്ലീഹാതന്നെ പറയുന്നുണ്ട് (1 കൊറി 7:32-35).

"... സഹോദരിയായ ഒരു സ്ത്രീയെ കൊണ്ടുനടക്കാൻ ഞങ്ങൾക്കും അവകാശമില്ലേ" (1 കൊറി 9:5) എന്ന പൗലോസ് ശ്ലീഹായുടെ ചോദ്യത്തെ, *ഭാര്യയായ സ്ത്രീയെ കൊണ്ടുനടക്കാൻ....* എന്ന് അവരുടെ ബൈബിളിൽ മാററിയെഴുതിക്കൊണ്ട് പൗലോസ് അവിവാഹിതനല്ലെന്നു സ്ഥാപിക്കാനും പെന്തക്കോസ്തർ ശ്രമിക്കുന്നുണ്ട്. "മെത്രാൻ .... ഏക ഭാര്യയുടെ ഭർത്താവും ആയിരിക്കണം (1 തിമോ 3:2) എന്ന വാക്യത്തിന്റെ വെളിച്ചത്തിൽ സഭാദ്ധ്യക്ഷന്മാർ വിവാഹിതരായിരിക്കണമെന്ന് പെന്തക്കോസ്തർ പറയുന്നതും ശരിയല്ല. കാരണം സാഭാദ്ധ്യക്ഷൻ വിവാഹിതനായിരിക്കണം എന്നല്ല, വിവാഹിതനാണെങ്കിൽ ഒരു ഭാര്യയേ ആകാവൂ എന്നതാണ് ഈ വാക്യത്തിന്റെ അർത്ഥം. മിശിഹാ സ്വന്തം രക്തത്താൽ പടുത്തുയർത്തിയ പുതിയ മനുഷ്യസമുദായത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുകയാണ് വൈദികധർമ്മം. സ്വർഗ്ഗരാജ്യത്തെപ്രതി അനുഷ്ഠിക്കുന്ന ബ്രഹ്മചര്യം വഴി വൈദീകർ നവീനവും ഉൽകൃഷ്ടവുമായ വിധത്തിൽ മിശിഹായ്ക്കു സ്വയം സമർപ്പിക്കുന്നു. അത് സ്വതന്ത്രവും ത്യാഗോജ്വലവുമായി തീരുന്നു എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദീകരെപ്പററിയുള്ള ഡിക്രിയിലും (16) പറയുന്നു. വൈദീകബ്രഹ്മചര്യം വചനാധിഷ്ഠിതമല്ലെന്ന പെന്തക്കോസ്തരുടെ വാദം അടിസ്ഥാനരഹിതമാണെന്ന് മുകളിൽ നല്കിയ വിവരണത്തിലൂടെ തെളിയുന്നു.

### 36. ക്രിസ്തീയ സന്യാസം വചനാധിഷ്ഠിതവും ദൈവഹിതപ്രകാരമുള്ളതുമാണോ?

അതേ. വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ക്രിസ്തീയ ജീവിതത്തിന് രണ്ടു പദവികളുണ്ട്. ഒന്ന് എല്ലാവർക്കും പൊതുവായിട്ടുള്ളത്, നിത്യരക്ഷ പ്രാപിക്കുകയാണതിന്റെ ലക്ഷ്യം. കല്പനകളുടെ പാലനമാണ് അതിനുള്ള മാർഗ്ഗം. രണ്ടാമത്തേത് പരി

www.malankaralibrary.com

പൂർണ്ണത പ്രാപിക്കുവാനായി സന്യാസത്തിലേക്കുള്ള വിളിയാണ്. ഇതിന് കല്പനകളുടെ പാലനം മാത്രം പോരാ, സുവിശേഷോപദേശമനുസരിച്ചുള്ള ജീവിതശൈലിയും ആവശ്യമാണ്. യേശു ധനികനായ യുവാവിനോടു പറഞ്ഞതുപോലെ "നീ പരിപൂർണ്ണത പ്രാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിററ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ 19:21). ദൈവരാജ്യത്തെപ്രതി സ്വയം ഷണ്ഡന്മാരാകുന്നവരാണ് സന്യസ്തർ (മത്താ 19:12). "പ്രത്യേക വരം ലഭിച്ചവർക്കല്ലാതെ ഈ ജീവിതം സാദ്ധ്യമല്ല" എന്ന് യേശുനാഥൻ തന്നെ പറയുന്നുണ്ട് (മത്താ 19:11). ഈ വിളിയുടെ മാനദണ്ഡം തിരുഹിതം മാത്രം.

സന്യാസ സമർപ്പണജീവിതം ഒരേ സമയം ദൈവത്തിന്റെ സൗജന്യദാനവും വിളി ശ്രവിക്കുന്നവരുടെ സമ്പൂർണ്ണവും സ്വതന്ത്രവുമായ എടുത്തു പ്രതിഷ്ഠിക്കലുമാണ്. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ തങ്ങളെത്തന്നെ ക്രിസ്തുവിനു പ്രതിഷ്ഠിച്ചുകൊണ്ട് അവിടുത്തെ പ്രസാദിപ്പിക്കുക എന്ന ഏക ലക്ഷ്യത്തോടെ (1കൊറി 7:34 -35) ജീവിക്കുകയും, ദൈവത്തിനും ദൈവജനത്തിനുമായി തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുകയും, രക്ഷയുടെ രഹസ്യങ്ങൾ സ്വജീവിതത്തിൽ സ്വാശീകരിച്ച് ക്രിസ്തുവിനെ ഏററം അടുത്തനുകരിക്കുകയും ചെയ്യുന്ന സന്യസ്തർ സഭയ്ക്കും സമൂഹത്തിനും വലിയ അനുഗ്രഹമാണ്.

**37. ദൈവാത്മനിറവിൽ വളരാൻ സഭാകൂട്ടായ്മയ്ക്കു പകരം പ്രാർത്ഥനാകൂട്ടായ്മകൾ മാത്രം മതിയോ?**

പോരാ. യഥാർത്ഥത്തിൽ യേശുക്രിസ്തുവഴി നല്കപ്പെടുന്ന ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവിനെ ഇന്നു നമുക്കുലഭിക്കുന്നത് തിരുസ്സഭയിലൂടെയാണ്. അതിനാൽ ദൈവാത്മനിറവിൽ വളരാൻ സഭയുടെ കൗദാശിക ജീവിതത്തേക്കാൾ, പ്രത്യേകിച്ച് പരിശുദ്ധ കുർബാനയേക്കാൾ വലിയ മറെറാരു മാർഗ്ഗവും ഇല്ലെന്നുള്ളതാണു സത്യം. ഈ സൗഭാഗ്യം ഉപേക്ഷിച്ച് സഭാകൂട്ടായ്മയിൽ നിന്നകന്ന് പെന്തക്കോസ്തു ഗ്രൂപ്പുകളിൽ ചേരുന്നത് ദൈവാത്മാവിൽനിന്നകന്ന് വിനാശത്തിലേക്കുള്ള പോക്കാണെന്ന സത്യം നാം അറിഞ്ഞിരിക്കണം. സ്ഥിരമായ പരിശുദ്ധാത്മ ആവാസം പ്രദാനം ചെയ്യുന്ന പരിശുദ്ധ കുർബാനയെക്കാൾ അഭികാമ്യമായി മറെറാരു മാർഗ്ഗവും പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനായി ഈ ലോകത്തിലില്ലെന്നുതന്നെ പറയാം.

www.malankaralibrary.com

**38. പെന്തക്കോസ്തർ പറയുന്ന കർത്തൃമേശ പരിശുദ്ധ കുർബാനയ്ക്കു പകരമാകുമോ?**

ഇല്ല. പെന്തക്കോസ്തൽ സമൂഹങ്ങൾ കർത്തൃമേശയെന്നു പറഞ്ഞു നടത്തുന്ന അന്ത്യഅത്താഴ ഓർമ്മ ആചരണത്തെ കാതോലീകവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ സഭയിൽ തുടരുന്ന പൗരോഹിത്യ ശുശ്രൂഷവഴിയായി രക്ഷയുടെ ഫലങ്ങൾ എക്കാലത്തുമുള്ള എല്ലാ വിശ്വാസികൾക്കും സംലഭ്യമാക്കുന്ന പ. കുർബാനയോടു തുലനംചെയ്യാൻ ശ്രമിക്കുന്നത് ശരിയല്ല.

**39. ക്രിസ്തീയ വിശ്വാസത്തിൽ വളരുന്നതിനുവേണ്ട അടിസ്ഥാനകാര്യങ്ങൾ പെന്തക്കോസ്തർക്കുണ്ടോ?**

ഇല്ല. ***ഒന്നാമതായി,*** ഏകദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഉണ്ടെന്നുള്ള വിശ്വാസമോ പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച ശരിയായ വിശ്വാസപ്രബോധനമോ അതനുസരിച്ചുള്ള ജീവിതശൈലിയോ പെന്തക്കോസ്തർക്കില്ല.

***രണ്ടാമതായി,*** നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാം വരവ്, പരിശുദ്ധാത്മ പ്രദാനം എന്നിവ അടങ്ങിയ സമഗ്രമായ ക്രിസ്തുദർശനമോ അതനുസരിച്ചുള്ള ശരിയായ പഠിപ്പിക്കലോ പെന്തക്കോസ്തർക്കില്ല

***മൂന്നാമതായി,*** കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായ തിരുസ്സഭയെയും, സഭയിലെ ആരാധനയേയും കൂദാശകളേയും, ശുശ്രൂഷാപൗരോഹിത്യത്തെയും പെന്തക്കോസ്തർ അംഗീകരിക്കുന്നില്ല. അതിനാൽത്തന്നെ ക്രിസ്തീയജീവിതത്തിന്റെയും രക്ഷയുടെ അനുഭവത്തിന്റെയും സഭാത്മകതലവും അവർ അംഗീകരിക്കുന്നില്ല.

***നാലാമതായി,*** പാപമോചനത്തിനുള്ള മാമോദിസ ഒന്നുമാത്രമേയുള്ളുവെന്ന വിശ്വാസവും പെന്തക്കോസ്തർ അംഗീകരിക്കുന്നില്ല.

***അഞ്ചാമതായി,*** മരിച്ചുപോയവരുടെ ഉയിർപ്പിലും, വരാനിരിക്കുന്ന ലോകത്തിലെ പുതുജീവനിലുമുള്ള ശരിയായ വിശ്വാസം. ഇതും പെന്തക്കോസ്തർ അംഗീകരിക്കുന്നില്ല, ഇതിനെക്കുറിച്ചുള്ള വ്യക്തമായ പഠിപ്പിക്കലുകളും അവർക്കില്ല.

***ആറാമതായി,*** ദൈവമാതാവായ വി. കന്യകമറിയത്തിനും വിശുദ്ധർക്കും രക്ഷാകരകർമ്മത്തിലുള്ള പങ്കാളിത്തത്തെയും, ക്രിസ്തീയ വിശ്വാസികൾക്ക് പുണ്യവാന്മാരുമായുള്ള ഐക്യത്തെയും പെന്തക്കോസ്തർ അംഗീകരിക്കുന്നില്ല. വിശുദ്ധരെ അവർ ആദരിക്കുന്നുമില്ല.

**40. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം വി. ഗ്രന്ഥാധിഷ്ഠിതമല്ലേ?**

അതെ, ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമായ ത്രിത്വവി

www.malankaralibrary.com
ശ്വാസം വി. ഗ്രന്ഥാധിഷ്ഠിതമാണ്. ദൈവം ഏകനാണെന്നും ആ ദൈവത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നാളുകളുണ്ടെന്നുള്ളതിനും വി. ഗ്രന്ഥത്തിൽ പല തെളിവുകളുണ്ട് (മർ 1:10 –11; മർ 1:10–11; മത്താ 3:17; 28:20; മർ 1:10–11; 9:7; ലൂക്കാ 3:22; 24:47–49; യോഹ 1:29–34; 14:13–20; 14:23; അപ്പ 4:30–31; റോമ 16:27). പഴയനിയമത്തിലും ഇതിനു വ്യക്തമായ സൂചനകളുണ്ട് (ഉൽ 1:1–3; 1:26; 18:2–20). ത്രിത്വരഹസ്യം കേവലം ഒരു സങ്കല്പമോ തത്വമോ അല്ല. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടെ ത്രീയേക ദൈവവുമായുള്ള സജീവവും യഥാർത്ഥവുമായ വ്യക്തിബന്ധം ആരംഭിക്കുകയും അവിടുത്തെ ആന്തരീക ചൈതന്യത്തിൽ അഥവാ ജീവനിൽ നാം പങ്കുകാരാകുകയും ചെയ്യുന്നു. പരി. കുർബാനയിലൂടെ പരി. ത്രിത്വത്തിലുള്ള ഈ സ്നേഹകൂട്ടായ്മയിൽ നാം അനുദിനം വളരുന്നു.

**41. ക്രിസ്തീയ വിശ്വാസത്തിൽ വളരാൻ ബൈബിൾ മാത്രം മതിയോ?**

പോരാ. ക്രിസ്തീയ വിശ്വാസത്തിൽ വളരാൻ ദൈവീകവെളിപാടിന്റെ എഴുതപ്പെട്ടരൂപമായ ബൈബിളും, വാചിക പാരമ്പര്യവും അതിന്റെ തുടർച്ചയായ തിരുസ്സഭാ പാരമ്പര്യവും, മുകളിൽ 39-ാമത്തെ ചോദ്യത്തിനുത്തരമായി സൂചിപ്പിച്ചിട്ടുള്ള അടിസ്ഥാന ഘടക ങ്ങളും അനിവാര്യമാണ്.

**42. ക്രിസ്തീയ വിശ്വാസത്തിനാധാരമായ ദൈവിക വെളിപാട് നമുക്കു സംലഭ്യമാക്കിത്തരുന്ന പ്രധാന ഉറവിടങ്ങൾ ഏതെല്ലാം?**

ദൈവീക വെളിപാടിന്റെ പൂർണ്ണരൂപം നമുക്കുലഭിക്കുന്നത് വി. ബൈബിൾ, അപ്പസ്തോലിക പാരമ്പര്യം, സഭാപിതാക്കന്മാരുടെയും തിരുസ്സഭയുടെയും പ്രബോധനങ്ങൾ എന്നിവയിലൂടെയാണ്.

**43. തിരുസ്സഭാ പാരമ്പര്യം വേദപുസ്തക വിരുദ്ധമോ?**

അല്ല. "ഞങ്ങൾ വചനം മുഖേനയോ കത്തു മുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെ പിടിക്കുകയും അവയിൽ ഉറച്ചുനില്ക്കുകയും ചെയ്യുവിൻ" എന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നു (2 തെസ 2:15). "ഞാൻ നല്കിയ പാരമ്പര്യം അതേപടി നിങ്ങൾ സംരക്ഷിക്കുന്നതിനാൽ ഞാൻ നിങ്ങളെ പ്രശംസിക്കുന്നു" (1 കൊറി 11:2). " കർത്താവായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഏതെല്ലാം അനുശാസനങ്ങളാണു നല്കിയതെന്ന് നിങ്ങൾക്കറിയാം. നിങ്ങൾ ഞങ്ങളിൽനിന്നു പഠിച്ചതനുസരിച്ച് ഇപ്പോൾ ജീവിക്കുന്നതുപോലെ ഇനിയും മുന്നേറുവിൻ" (1 തെസ 4:12; 2 തെസ 2:15). "ഞങ്ങളിൽ നിന്നു സ്വീകരിച്ച പാരമ്പര്യത്തിന് ഇണങ്ങാത്ത രീതിയിൽ ജീവിക്കുന്ന സഹോദരങ്ങളിൽനിന്ന് അക

www.malankaralibrary.com

ന്നുനില്ക്കണമെന്ന് കർത്താവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട പേക്ഷിക്കുന്നു" (2 തെസ 3:6). അതായത്, ദൈവവചനത്തോടൊപ്പം സഭാപാരമ്പര്യത്തെയും സജീവമായി കാത്തുസംരക്ഷിക്കുന്നതിനു നമുക്ക് കടമയുണ്ടെന്നും അതിനിണങ്ങാത്ത രീതിയിൽ ജീവിക്കുന്ന വരിൽനിന്ന് അകന്നു നില്ക്കണമെന്നുമാണ് വി. ഗ്രന്ഥം വഴിയായി പൗലോസ്ശ്ലീഹാ നമ്മോടാഹ്വാനം ചെയ്യുന്നത്.

**44. യേശുവിന്റെ വാക്കുകളും പ്രവർത്തികളുമെല്ലാം പുതിയനി യമത്തിൽ എഴുതപ്പെട്ടിട്ടുണ്ടോ?**

ഇല്ല, വി. യോഹന്നാൻ ശ്ലീഹാ പറയുന്നു, "യേശു ചെയ്ത മററുപല കാര്യങ്ങളുമുണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുവാൻ ലോകത്തിനുതന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുന്നത്"(യോഹ 21:25).

**45. കത്തോലിക്കാവിശ്വാസത്തിനെതിരായ പെന്തക്കോസ്തരുടെ ചോദ്യ ങ്ങൾക്കു മറുപടി പറയേണ്ടത് വി. ഗ്രന്ഥത്തിന്റെ മാത്രം വെളിച്ചത്തിലോ?**

അല്ല. കത്തോലിക്കാ വിശ്വാസത്തിനാധാരമായ വി. ഗ്രന്ഥത്തി ന്റെയും, തിരുസ്സഭാ പാരമ്പര്യത്തിന്റെയും, സഭയുടെ പഠിപ്പിക്കലുക ളുടെയും വെളിച്ചത്തിലാണ് മറുപടി പറയേണ്ടത്.

**46. പാരമ്പര്യവും ബൈബിളും തമ്മിലുള്ള ബന്ധവും വ്യത്യാസവും എന്താണ്?**

സർവ്വജനപദങ്ങളുടെയും രക്ഷയ്ക്കുവേണ്ടിയുള്ള ദൈവീക വെളിപാട് യേശുക്രിസ്തുവിൽ അതിന്റെ പൂർണ്ണതയിലെത്തി. ഈ ദൈവീക വെളിപാട് സകല ജനങ്ങളെയും അറിയിക്കാനായി യേശു നാഥൻ തന്റെ അപ്പസ്തോലന്മാരെ ചുമതലപ്പെടുത്തി, അവിടുത്തെ നിരന്തര സാന്നിദ്ധ്യ സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. "ആകയാൽ നിങ്ങൾ പോയി എല്ലാജനതകളേയും ശിഷ്യപ്പെടു ത്തുവിൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങ ളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:19-20).

അതായത്, തന്റെ രക്ഷാകര സന്ദേശം എല്ലാവരിലും എത്തി ക്കുവാനുള്ള മാദ്ധ്യമമായി യേശുനാഥൻ തന്റെ സഭയെ നിയോഗി ച്ചു. അപ്പസ്തോലന്മാർ തങ്ങളുടെ സ്ഥാനത്ത് അത് പഠിപ്പിക്കാൻ ആവശ്യമായ അധികാരം നല്കികൊണ്ട് തങ്ങളുടെ പിൻഗാമികളായി

www.malankaralibrary.com

മെത്രാന്മാരെ നിയോഗിച്ചു. അപ്പസ്തോലന്മാരിൽ നിന്നുള്ള ഈ പാരമ്പര്യം പരിശുദ്ധാത്മാവിന്റെ സഹായത്താൽ സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. ഇവിടെ വളർച്ച എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവവചനത്തിന്റെയും പരമ്പരാഗതമായി നല്കിയിട്ടുള്ള വിശ്വാസരഹസ്യങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങളുടെയും ഗ്രഹിക്കലിലുള്ള വളർച്ചയാണ്. വിശ്വാസികൾ ഇവ തങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനവും പഠനവും വഴി ഈ വളർച്ചയെ സഹായിക്കുന്നു, അതോടൊപ്പം സഭയുടെ കാലോചിതമായ പ്രബോധനങ്ങൾവഴിയായും. കാലം മുന്നോട്ടുപോകുന്നതനുസരിച്ച് ദൈവീക യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുന്നതിന്റെ പൂർണ്ണതയിലേക്ക് സഭയും പുരോഗമിക്കുന്നു. ദൈവീകവെളിപാടിനെ അതിന്റെ സമ്പൂർണ്ണതയിൽ അവൾ ഗ്രഹിക്കുവോളം ഈ പ്രയാണം തുടർന്നുകൊണ്ടേയിരിക്കും (ദൈവാവിഷ്കരണം, 8).

ജീവിക്കുന്ന ഈ സഭാപാരമ്പര്യം എന്ന പന്ഥാവിലൂടെയാണ് ദൈവീകവെളിപാട് തലമുറകളിലേക്ക് കൈമാറ്റപ്പെടുന്നത്. ദൈവവചനം വാമൊഴിയായിട്ട് പിൻഗാമികളിലേക്ക് കൈമാറ്റപ്പെട്ടതും ദൈവാത്മനിവേശിതമായി വി. ബൈബിൾ എഴുതപ്പെട്ടതും ആദ്യത്തെ ഈ പാരമ്പര്യത്തിൽ നിന്നുമാണ്. വി. ബൈബിൾ ദൈവനിവേശിതഗ്രന്ഥസമാഹാരമാണ്. അതായത് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ഇടപെടലിലൂടെയും സഹായത്താലും എഴുതപ്പെട്ട പല പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥ സമാഹാരം. ഇതാണ് വി. ഗ്രന്ഥത്തെ പാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമാക്കുന്ന ഒരു പ്രധാന ഘടകം. ദൈവനിവേശിത ഗ്രന്ഥമെന്ന നിലയിൽ ബൈബിളിന് പ്രത്യേക പ്രാധാന്യമുണ്ട്. എങ്കിലും ദൈവീക വെളിപ്പെടുത്തലിലെ എല്ലാ വസ്തുതകളെയും സംബന്ധിച്ചുള്ള അസന്നിഗ്ദ്ധമായ പ്രബോധനം വി. ഗ്രന്ഥത്തിൽ നിന്നു മാത്രമല്ല സഭയ്ക്കു ലഭ്യമാകുന്നത്, പിന്നെയോ പാരമ്പര്യത്തിൽ നിന്നുകൂടെയാണ്. അതുകൊണ്ട് വി. ഗ്രന്ഥത്തോടൊപ്പം തിരുസഭയുടെ പാരമ്പര്യത്തേയും നാം ബഹുമാനത്തോടും ആദരവോടുംകൂടെ സ്വീകരിക്കേണ്ടതുണ്ട്.

യഥാർത്ഥത്തിൽ വി. ഗ്രന്ഥവും സഭയുടെ പാരമ്പര്യവും ദൈവീക വെളിപ്പെടുത്തലിന്റെ രണ്ട് ഉറവിടങ്ങളല്ല, ഒരേസ്രോതസ്സാണ്. ജീവിക്കുന്ന സഭാ പാരമ്പര്യം എന്ന പന്ഥാവിൽക്കൂടിയാണ് ദൈവീക വെളിപാട് നമ്മിലേക്കുവരുന്നത്. പാരമ്പര്യത്തിൽ നിന്നാണ് വി. ലിഖിതങ്ങൾ ദൈവനിവേശിതമായി എഴുതപ്പെട്ടത്, സഭാപാരമ്പര്യത്തിലാണ് അവ വ്യാഖ്യാനിച്ചുകൈമാറേണ്ടതും. അങ്ങനെയെ

www.malankaralibrary.com

ങ്കിൽ പാരമ്പര്യം വി. ഗ്രന്ഥത്തോടൊപ്പം കൂട്ടിച്ചേർക്കേണ്ട മറ്റൊരു ഉറവിടമല്ല, പിന്നയോ ദൈവവചനം വ്യാഖ്യാനിക്കുകയും ജീവിക്കുകയും ചെയ്യുന്നത് സഭാപാരമ്പര്യത്തിനുള്ളിലാണ്. പാരമ്പര്യം എന്നതുകൊണ്ടർത്ഥമാക്കുന്നത് വിശ്വാസത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളും, ഉപവാസം, ആചാരാനുഷ്ടാനങ്ങൾ തുടങ്ങിയ ബാഹ്യമായ കാര്യങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള സജീവപാരമ്പര്യമാണ്.

### 47. ബൈബിൾ എവിടെനിന്നു കിട്ടി?

മുകളിൽ സൂചിപ്പിച്ചതുപോലെ സഭയിലാണ് വി. ഗ്രന്ഥം രൂപം കൊണ്ടത്. പുതിയ നിയമം എഴുതപ്പെടുന്നതിനുമുമ്പ് സഭയുണ്ട്. ബൈബിളിന്റെ പകർപ്പുകൾ തയ്യാറാക്കിയിരുന്നത് കത്തോലിക്കാ സന്യാസിമാരാണ്. 15-ാം നൂറ്റാണ്ടിൽ അച്ചടിയന്ത്രം കണ്ടുപിടിക്കുന്നതിനുമുമ്പ് വിശ്വാസികൾക്ക് ബൈബിൾ കാണാൻപോലും അവസരം ലഭിച്ചിരുന്നില്ല. ബൈബിൾ സഭയുടെ ഗ്രന്ഥമായിരുന്നു, സഭയിൽ തിരുവചനം വ്യാഖ്യാനിച്ചുനല്കുകയായിരുന്നു പതിവ്. സഭയുടെ ഈ ഗ്രന്ഥത്തെ എടുത്ത് അവരവരുടെ ഇംഗിതത്തിനൊത്ത് തിരുത്തിക്കുറിച്ചും, വെട്ടിച്ചുരുക്കിയും കൂട്ടിച്ചേർത്തുമൊക്കെയാണ് വിവിധ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരുടെയും പെന്തക്കോസ്തരുടെയുമെല്ലാം ബൈബിൾ രൂപപ്പെടുത്തിയത്.

### 48. പെന്തക്കോസ്തുകാരുടെ ബൈബിളും കത്തോലിക്കരുടെ ബൈബിളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ?

രണ്ടു പ്രധാന വ്യത്യാസങ്ങളാണുള്ളത്. *ഒന്നാമതായി,* കത്തോലിക്കരുടെ ബൈബിളിൽ 73 പുസ്തകങ്ങൾ ഉൾപ്പെടുന്നു. എന്നാൽ യൂദിത്ത്, ജ്ഞാനം, പ്രഭാഷകൻ, ബാറൂക്ക്, 1,2, മക്കബായർ, തോബിത് എന്നീ ഏഴു പുസ്തകങ്ങളും, എസ്തേർ 11-16; ദാനിയേൽ 3:24-90; 13 -ഉം 14-ഉം പ്രൊട്ടസ്റ്റന്റുകാർ അംഗീകരിക്കുന്നില്ല, അവരുടെ ബൈബിളിൽ ഇവ ഉൾപ്പെടുത്തിയിട്ടുമില്ല. അതിനാൽ പ്രൊട്ടസ്റ്റന്റുകാരുടെ ബൈബിളിൽ 66 പുസ്തകങ്ങളേയുള്ളു . *രണ്ടാമതായി,* പ്രൊട്ടസ്റ്റന്റുകാരുടെ, പ്രത്യേകിച്ച് പെന്തക്കോസ്തരുടെ ബൈബിളിൽ അവർ പല തിരുത്തലുകളും, കൂട്ടിച്ചേർക്കലും വരുത്തിയിട്ടുണ്ട്. ഉദാഹരണമായി, യോഹ 2:4-ൽ "സ്ത്രീയേ എനിക്കും നിനക്കും എന്ത്" എന്നതിനുപകരം മാതാവിന് സ്ഥാനമില്ലെന്നു കാണിക്കാൻ "എനിക്കും നിനക്കും **തമ്മിൽ** എന്ത്?" എന്നാക്കി അവരുടെ ബൈബിളിൽ. അതുപോലെ പൗലോസ് വിവാഹിതനാണെന്നു കാണി

www.malankaralibrary.com

ക്കാനായി, 1 കൊറി 9:5 -ൽ "സഹോദരിയായ ഒരുസ്ത്രീയെ കൊണ്ടു നടക്കാൻ ഞങ്ങൾക്കും അവകാശമില്ലേ" എന്ന പൗലോസിന്റെ വാക്കുകളെ തിരുത്തി, "ഭാര്യയായ ഒരു സ്ത്രീയെ കൊണ്ടുനട ക്കാൻ" എന്നാക്കി പെന്തക്കോസ്തുകാരുടെ ബൈബിളിൽ.

## 49. വചനം എന്നുപറഞ്ഞാൽ ബൈബിൾ മാത്രമോ?:

അല്ല. യേശുക്രിസ്തുവാണ് ദൈവത്തിന്റെ യഥാർത്ഥ വച നം, അനാദിയിലേ പിതാവിൽ നിന്നു പുറപ്പെട്ട നിത്യമായ വചനം. "ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയാ യിരുന്നു, വചനം ദൈവമായിരുന്നു" (യോഹ 1:1). നിയമത്തിലൂ ടെയും പ്രവാചകന്മാരിലൂടെയും കാലത്തിന്റ തികവിൽ യേശുക്രി സ്തുവിലൂടെയും വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ തിരുമനസ്സിനെ യാണ് വചനമെന്ന പദത്തിലൂടെ അർത്ഥമാക്കുന്നത്. ഈ "വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ച" താണ് യേശുക്രിസ്തു (യോഹ 1:14). അഥവാ മനുഷ്യരൂപത്തിലവതരിച്ച ദൈവത്തിന്റെ വച നമാണ് യേശു. എന്നാൽ മനുഷ്യഭാഷയിലവതരിച്ച് ലിഖിതരൂപമെ ടുത്ത ദൈവത്തിന്റെ വചനമാണ് വി. ബൈബിൾ.

## 50. യേശുവിന്റെ പൂർണ്ണരൂപം ബൈബിളിലൂടെമാത്രം ലഭിക്കുമോ?

ഇല്ല. വി. ബൈബിൾ ലിഖിതരൂപത്തിലുള്ള ദൈവവചനമാണെ ങ്കിലും വി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ കർത്താവ് പറ ഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ മുഴുവൻ എഴുതിയാൽ ആ ഗ്രന്ഥങ്ങൾ മുഴുവൻ ഉൾക്കൊള്ളുവാൻ ലോകത്തിനു തന്നെ സാധി ക്കാതെ വരും (യോഹ 21:25). മാത്രമല്ല ദൈവം പല മാർഗ്ഗങ്ങളി ലൂടെ നമ്മോടു സംസാരിക്കുന്നു - വിവിധമതങ്ങളിലൂടെ, തിരുസ്സഭ യുടെ കൂദാശകളിലൂടെ, പ്രപഞ്ചത്തിലൂടെ, അനുദിന ജീവിതാനുഭ വങ്ങളിലൂടെ. അതിനാൽ യേശുവിനെയും മനുഷ്യചരിത്രത്തിലുള്ള അവിടുത്തെ ഇടപെടലിനെയും വി. ഗ്രന്ഥത്തിലൊതുക്കാനാവില്ല.

## 51. ബൈബിൾ നമ്മുടെ സ്വതന്ത്രവ്യാഖ്യാനത്തിനുള്ളതോ?

ദൈവവചനം ആരുടെയും സ്വതന്ത്ര വ്യാഖ്യാനത്തിനുള്ളത ല്ലെന്ന് നാം മനസ്സിലാക്കണമെന്ന് 2പത്രോസ് 1:20 നമ്മെ ആഹ്വാനം ചെയ്യുന്നു. വേദപുസ്തകം വായിക്കുമ്പോൾ വായിക്കുന്നവർക്ക് തോന്നുന്നതൊക്കെ പരിശുദ്ധാത്മാവു തോന്നിക്കുന്നതാണെന്ന വാദ ഗതി ശരിയല്ല. എത്യോപ്യാക്കാരനായ ഷണ്ഡൻ ചോദിക്കുന്നതു

www.malankaralibrary.com
പോലെ, "ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക?" സഭയിലാണ് ദൈവവചനം നമുക്കു വ്യാഖ്യാനിച്ചു തരേണ്ടത്. കാരണം ഇത് സഭയുടെ പ്രബോധന അധികാരത്തിൽ പെട്ടതാണ്. ദൈവവചനം യഥോചിതം വ്യാഖ്യാനിച്ച് സഭാതനയർക്ക് നല്കേണ്ടത് സഭാമാതാവിന്റെ അവകാശവും കടമയുമാണ്. കാരണം യേശുവിന്റെ ദൗത്യം ഏല്പിച്ചിരിക്കുന്നത് അവളെയാണ്. ബൈബിൾ വാക്യങ്ങൾ അതിന്റെ പശ്ചാത്തലത്തിൽനിന്നടർത്തി മാററി ഓരോന്നായി വേർതിച്ച് വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്ന രീതി തെററാണ്. ഓരോരുത്തർക്കും തോന്നുന്നതുപോലെ സ്വന്ത ആശയം ബൈബിളിൽ തിരികിക്കേററുന്ന രീതിയും ശരിയല്ല. ദൈവവചനത്തിന്റെ യഥാർത്ഥ പൊരുളറിയാനാണ് നാം ശ്രമിക്കേണ്ടത്.

**52. മരിയഭക്തി വി. ഗ്രന്ഥവിരുദ്ധമോ?**

അല്ല, യഥാർത്ഥ മരിയ ഭക്തി വി. ഗ്രന്ഥാധിഷ്ഠിതമാണ്. "ദൈവകൃപ നിറഞ്ഞവളേ " (ലൂക്കാ 1:28) എന്ന് മാലാഖ അഭിസംബോധന ചെയ്യുകയും, "എന്റെ കർത്താവിന്റെ അമ്മ" (ലൂക്കാ 1:43) എന്ന് എലിസബത്ത് പരിശുദ്ധാത്മ പ്രചോദിത്യായി വിളിച്ചു പറയുകയും ചെയ്ത, മഹനീയ വ്യക്തിത്വത്തെ ആദരിക്കാതിരിക്കുന്നതാണ് വി. ഗ്രന്ഥവിരുദ്ധം.

**53. ജപമാല പ്രാർത്ഥന വി. ഗ്രന്ഥവിരുദ്ധമോ?**

അല്ല, കാരണം ജപമാലയിലെ പ്രാർത്ഥനകളെല്ലാം ബൈബിളിലെ തിരുവചനം തന്നെയാണ് (ലൂക്കാ 1:28).

**54. യേശു മറിയത്തെ സ്ത്രീയേ എന്നു വിളിച്ചത് ആദരവില്ലാതെയോ?**

പെന്തക്കോസ്തരുടെ ഈ അടിസ്ഥാനരഹിതമായ വാദം ശരിയല്ല. യേശു സ്ത്രീയേ എന്ന് മറിയത്തെ വിളിച്ച രണ്ടു പശ്ചാത്തലങ്ങളും തന്റെ രക്ഷാകര പ്രവർത്തനത്തിലെ രണ്ടു നിർണ്ണായകമായ ഘട്ടങ്ങളിലാണ്: കാനായിലെ കല്യാണവിരുന്നിന്റെ അവസരത്തിലും (യോഹ 2:4), കുരിശിൻ ചുവട്ടിൽവച്ചും (യോഹ 19:26). അതുവഴി ഉത് 3:15-ൽ പറയുന്ന സ്ത്രീയുമായി മറിയത്തിനുള്ള താദാദ്മ്യത്തെ എടുത്തുകാട്ടിക്കൊണ്ട് വി. മറിയത്തിന്റെ മാഹാത്മ്യത്തെ ഉയർത്തിക്കാട്ടുകയാണ് യേശുവിന്റെ ഈ *സ്ത്രീയേ* എന്ന അഭിസംബോധനവഴിയായി വി. യോഹന്നാൻ ശ്ലീഹാ ലക്ഷ്യം വയ്ക്കുന്നത്.

**55. വി. മറിയത്തിന് യേശുവല്ലാതെ മററു മക്കൾ ഉണ്ടായിരുന്നോ?**

മത്തായി 12:46-47; 13:55-56; മർക്കോ 3:31-32; ലൂക്കാ 8:19-20; എന്നീ ഭാഗങ്ങളിൽ പറയുന്ന യേശുവിന്റെ അമ്മയും സഹോദരരും

www.malankaralibrary.com

എന്ന പ്രയോഗത്തിന്റെ വെളിച്ചത്തിൽ വി. മറിയത്തിന് യേശുവല്ലാതെ മററു മക്കളും ഉണ്ടായിരുന്നു എന്നാണ് പെന്തക്കോസ്തർ വാദിക്കുന്നത്. എന്നാൽ യേശുവിന്റെ അമ്മയായ മറിയത്തിന്റെ സഹോദരി പുത്രന്മാരെയാണ് അവിടുത്തെ സഹോദരന്മാരെന്ന് ഈ ബൈബിൾ ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ളത്.

വി. മറിയത്തിന് വേറെ മക്കൾ ഉണ്ടായിരുന്നെന്നോ അവർ ആരൊക്കെയാണെന്നോ ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. എന്നാൽ യേശുവിന്റെ സഹോദരന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട് -യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ് എന്നിവരും യേശുവിന്റെ സഹോദരിമാരും (മർ 6:3). പക്ഷേ ഇവരുടെ അമ്മയായ മറിയം വി. കന്യകമറിയത്തിന്റെ സഹോദരിയാണ് (യോഹ 19:25; ലൂക്കാ 23:55; 24:1-10). അതായത് യേശുവിന്റെ സഹോദരർ എന്നു പറഞ്ഞിട്ടുള്ളത് മറിയത്തിന്റെ സഹോദരി പുത്രരെയാണ്, ഉൽ 14:12-14 -ൽ അബ്രഹാം തന്റെ സഹോദരപുത്രനായ ലോത്തിനെ സഹോദരൻ എന്നു പറയുന്നതുപോലെ.

**56. "പുത്രനെ പ്രസവിച്ചതുവരെ അവൻ അവളെ അറിഞ്ഞില്ല" (മത്തായി 1:25) എന്ന വാക്യം മറിയത്തിന്റെ നിത്യകന്യാത്വത്തെ നിരസിക്കുകയാണോ?**

അല്ല. പുത്രനെ പ്രസവിച്ചുകഴിഞ്ഞ് അവൻ അവളെ അറിയുകയും വേറെ മക്കളുണ്ടാകുകയും ചെയ്തു എന്നാണ് പെന്തക്കോസ്തരുടെ വാദം. എന്നാൽ ഈ വാദത്തിലെ ശുദ്ധ അബദ്ധം ബൈബിളിലെ മററു ചില സമാന വാക്യങ്ങൾ പരിശോധിക്കുമ്പോൾ നമുക്കു മനസ്സിലാകും. "സാവൂളിന്റെ പുത്രിയായ മിഖേലിന് മരണം വരെ സന്താനങ്ങളൊന്നുമില്ലായിരുന്നു" (2 സാമു 6:23). ഇതിന്റെ അർത്ഥം മരണശേഷം ഉണ്ടായെന്നാണോ?! "നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ (ദൈവം) ഉണ്ട്" (ഏശ 46:4). ഇതിന്റെ അർത്ഥം വാർദ്ധക്യത്തിനുശേഷം ദൈവമില്ലെന്നാണോ?! ഇതിൽ നിന്ന് പെന്തക്കോസ്തുകാരുടെ അബദ്ധധാരണ വ്യക്തമാണല്ലോ.

**57. "അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു"** (ലൂക്കാ 2:6). മറിയത്തിനു പിന്നീടു വേറെയും മക്കളുണ്ടായി എന്നാണോ ഇതിനർത്ഥം?

അല്ല. *കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു* എന്നതിനോടൊപ്പം ഗ്രീക്കു ബൈബിളിലെ ഇതേ വാക്യത്തിൽ *അവുത്തേസ് തോൻ പ്രോട്ടോടോക്കോൻ* (അവളുടെ ഏകജാതനെ) എന്നും കൂടെയുണ്ട്, യേശുവിനെ പിതാവായ ദൈവത്തിന്റെ ഏകജാതൻ എന്നും

www.malankaralibrary.com

ആദ്യജാതൻ എന്നും പറയുന്നതുപോലെ. *പ്രോട്ടോടോക്കോസ്* എന്ന പദത്തിന് ആദ്യജാതനെന്നും ഏകജാതനെന്നും അർത്ഥം ഉണ്ട് (*ടോക്കോസ്* എന്ന പദത്തിനർത്ഥം ജനിക്കുക, ജന്മം നല്കുക എന്നൊക്കെയാണ്). അതിനാൽ ലൂക്കാ 2:6 –നെ, "... **അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു, അവളുടെ ഏകജാതനെ**" എന്നു വിവർത്തനം ചെയ്യുന്നതാണ് കൂടുതൽ ശരി. കാരണം ***അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു***, **എന്നു** പറഞ്ഞിട്ട് വീണ്ടും ആ വാക്യത്തിൽ തന്നെ ***അവളുടെ ആദ്യജാതനെ*** എന്നും കൂടെ ചേർക്കേണ്ട ആവശ്യം ഇല്ലല്ലോ. ഈ അർത്ഥവ്യത്യാസം മനസ്സിലാക്കാതെ ആവർത്തനം ഒഴിവാക്കാൻ വേണ്ടിയായിരിക്കാം ബൈബിളിന്റെ മലയാള വിവർത്തനത്തിൽ ഈ വാക്യത്തിന്റെ രണ്ടാം ഭാഗം ഒഴിവാക്കിയിട്ട് ***അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു*** എന്നുമാത്രം പറഞ്ഞിട്ടുള്ളത്. ചുരുക്കത്തിൽ, യേശു പരിശുദ്ധ കന്യകമറിയത്തിന്റെ ആദ്യജാതനും ഏകജാതനുമാണ്, യേശുവിനെ പിതാവിന്റെ ആദ്യജാതനെന്നും ഏകജാതനെന്നും പറയുന്നതുപോലെ. ആദ്യജാതനെന്നു പറഞ്ഞിരിക്കുന്നതിനാൽ മറിയത്തിന് വേറെയും മക്കൾ ഉണ്ടായിരുന്നെന്നു വാദിക്കുന്നവർ, യേശുവിനെ പിതാവിന്റെ ആദ്യജാതനെന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം പിതാവിന് യേശുവല്ലാതെ വേറെയും പുത്രന്മാർ ഉണ്ടെന്നാണെന്ന് ആരെങ്കിലും പറഞ്ഞാൽ അംഗീകരിക്കുമോ?

**58. മറിയത്തിന്റെ അമലോല്ഭവത്വം വിശ്വാസസത്യമായി എന്തുകൊണ്ട് സഭ പഠിപ്പിക്കുന്നു?**

മറിയത്തിൽ നിന്നു പുരുഷസംസർഗ്ഗമില്ലാതെ ജനിച്ച യേശു ദൈവപുത്രനാകയാൽ അവൻ പാപസ്പർശനമില്ലാതെ ജനിക്കുവാനായി, പിതാവായ ദൈവം തന്റെ പുത്രന് മാതാവായി മുൻകൂട്ടി നിശ്ചയിച്ചിരുന്നവളെ ജന്മപാപ വിമുക്തയാക്കിയിരുന്നു എന്ന സത്യം വിശ്വാസികൾക്കു മനസ്സിലാക്കിക്കൊടുക്കാനാണ് പ. ദൈവജനനിയുടെ അമലോത്ഭവസത്യം സഭ പഠിപ്പിക്കുന്നത്. മറിയം അമലോത്ഭവയല്ലെങ്കിൽ സ്വാഭാവീകമായി അവളിൽനിന്നു ജനിച്ച യേശുവും ഉത്ഭവപാപത്തോടുകൂടെയാണ് ജനിച്ചതെന്നു പറയേണ്ടി വരുമല്ലോ!

**59. കത്തോലിക്കർ വിഗ്രഹാരാധകരോ?**

അല്ല. പുറ 20:4–5 –ൽ പറയുന്ന "യാതൊരു വിഗ്രഹവും നിർമ്മിക്കരുത്" എന്ന കർത്താവിന്റെ കല്പന ലംഘിച്ച് കത്തോലിക്കർ വിഗ്ര

www.malankaralibrary.com

ഹങ്ങളെ ആരാധിക്കുന്നു എന്നാണ് പെന്തക്കോസ്തരുടെ വാദം. വിഗ്രഹാരാധനയെക്കുറിച്ചുള്ള അവരുടെ അറിവില്ലായ്മയാണ് ഈ ആരോപണത്തിനു കാരണം. പുറ 20:2-3 -ൽ നമ്മുടെ ദൈവമായ കർത്താവാണ് ഏക ദൈവം, അതിനാൽ നാം മററു ദേവന്മാരുടെ വിഗ്രഹങ്ങൾ ഉണ്ടാക്കുകയോ അവയുടെ മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ അരുത് എന്നാണ് കർത്താവ് കല്പിച്ചത്. "നിങ്ങൾ വെള്ളികൊണ്ട് എനിക്കൊപ്പം ദേവന്മാരെ നിർമ്മിക്കരുത്. സ്വർണ്ണം കൊണ്ടും ദേവന്മാരെ ഉണ്ടാക്കരുത്" എന്ന് പുറ 20:23-ലും പറയുന്നുണ്ട്. ഈ ദൈവകല്പന ലംഘിച്ച് ഇസ്രായേൽജനം സ്വർണ്ണം കൊണ്ടുള്ള കാളക്കുട്ടിയെ നിർമ്മിച്ച് അതിനു മുമ്പിൽ പ്രണമിച്ചതുപോലെ (പുറ 32:3-4) അന്യദേവന്മാരുടേയോ മൃഗങ്ങളുടെയോ വിഗ്രഹങ്ങളുണ്ടാക്കി കത്തോലിക്കർ ആരും അവയെ ആരാധിക്കുന്നില്ല.

കത്തോലിക്കർ സ്വർഗ്ഗത്തിലെ വിശുദ്ധരുടെയും, പരിശുദ്ധ മറിയത്തിന്റെയും മാലാഖമാരുടെയുമൊക്കെ രൂപങ്ങളും ഛായാചിത്രങ്ങളും ഭവനങ്ങളിലും ദേവാലയങ്ങളിലും പ്രതിഷ്ഠിക്കുകയും വണങ്ങുകയും ചെയ്യുന്നുണ്ട്, പക്ഷേ ആരാധിക്കുന്നില്ല. ഈ ഭക്താനുഷ്ഠാനം വേദപുസ്തക വിരുദ്ധമല്ല, വിഗ്രഹാരാധനയുമല്ല. പുറ 25:18 -20 -ൽ കൃപാസനത്തിന്റെ രണ്ടററത്തുമായി അടിച്ചുപരത്തിയ സ്വർണ്ണം കൊണ്ട് രണ്ടു കെരൂബുകളെ നിർമ്മിക്കുവാൻ കർത്താവു തന്നെ മോശയോടരുളിച്ചെയ്യുന്നുണ്ട്. കെരൂബുകളുടെ രൂപങ്ങളുടെ മദ്ധ്യേ നിന്നാണ് കർത്താവ് ഇസ്രായേല്യർക്ക് തന്റെ നിർദ്ദേശങ്ങൾ നല്കിയത്. അതുപോലെ ദൈവകല്പനപ്രകാരം നിർമ്മിച്ച വാഗ്ദാനപേടകത്തിനുമുന്നിലാണ് മോശയും ജോഷ്വായും ദാവീദുമെല്ലാം പ്രാർത്ഥിച്ചിരുന്നതും, ദൈവജനത്തിനുവേണ്ടി ബലികളർപ്പിച്ചിരുന്നതും. "പത്തു മുഴം ഉയരമുള്ള രണ്ടു കെരൂബുകളെ ഒലിവുതടികൊണ്ട് നിർമ്മിച്ച് ശ്രീകോവിലിൽ സ്ഥാപിച്ചു" എന്ന് 1 രാജാ 6:23-25-ൽ പറയുന്നുണ്ട്. സംഖ്യ 21:5-9-ൽ പിത്തളസർപ്പത്തെ നിർമ്മിക്കുവാനും കർത്താവു മോശയോടു കല്പിച്ചു. യോഹ 3:14-15-ൽ പറയുന്നതുപോലെ ഇത് ക്രൂശിതനായ കർത്താവിന്റെ പ്രതീകമാണ്.

### 60. കുരിശിനെ വന്ദിക്കുന്നതു തെറേറാ?

അല്ല, കുരിശിനെ വന്ദിക്കേണ്ടത് അനിവാര്യമാണ്. യഹൂദർക്കിടർച്ചയും പുറജാതികൾക്കു ഭോഷത്തവുമായിരുന്ന കുരിശ് (1 കൊറി 1:23) രക്ഷകനായ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് രക്ഷയുടെ അടയാളമായിത്തീർന്നു. " നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരി

www.malankaralibrary.com
ശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ" (1 കൊറി 1:8). " നമ്മുടെ കർത്താ വേശുമിശിഹായുടെ കുരിശിൽ അല്ലാതെ മറെറാന്നിലും പ്രശംസിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" (ഗലാ 6:14) എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്.

"എന്റെ പുത്രന്റെ ചെങ്കോലിനെ മററു തടിക്കഷ്ണങ്ങൾപോലെ നിങ്ങൾ നിന്ദിച്ചു" എന്ന് എസ ക്കിയേൽ 21:10 -ൽ പ്രവചിച്ചിട്ടുള്ളതുപോലെയും, " പലരും ക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നു". (ഫിലി 3:18-19) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളും ക്രിസ്തീയ പാരമ്പര്യം അറിയാത്ത പെന്തക്കോസ്തരെ സംബന്ധിച്ചിടത്തോളം വളരെ അന്വർത്ഥമാണ്. അവർക്ക് *ഗാന്ധിജിയെ വെടിവയ്ക്കാനുപയോഗിച്ച തോക്കിനെ വണങ്ങുന്നതുപോലെയും, അപ്പനെ കുത്തി ക്കൊല്ലാൻ ആരോ ഉപയോഗിച്ച കത്തിയെ ആരാധിക്കുന്നതുപോലെയുമാണ്* കുരിശിനെ വണങ്ങുന്നത്. എന്നാൽ യഥാർത്ഥ ക്രിസ്തുവിശ്വാസികൾക്ക് സ്ലീബാ വിജയപതാകയും രക്ഷാചിഹ്നവുമാണ്. അവർ കുരിശിനെ ആദരിക്കുകയും വന്ദിക്കുകയും അടയാളമായി കഴുത്തിൽ ധരിക്കുകയും ഭവനങ്ങളിലും ദേവാലയങ്ങളിലും ആദരപൂർവ്വം വയ്ക്കുകയും ചെയ്യുന്നു.

**61. ആരാധനയ്ക്കു മെഴുകുതിരി കത്തിക്കുന്നത് അനാവശ്യമോ?**

അല്ല, പഴയ നിയമ പശ്ചാത്തലത്തിലും മററു മതങ്ങളിലുമെല്ലാം ആരാധനയ്ക്കായി തിരികൊളുത്താറുണ്ട്. അന്ധകാരത്തെയകററി ദൈവത്തിന്റെ പ്രകാശം പരത്തുന്നതിന്റെ പ്രതീകമായിട്ടാണ് തിരി കൊളുത്തുന്നത്.

**62. ആരാധനാലയങ്ങൾ ആവശ്യമോ?**

അത്യാവശ്യമാണ്. ദൈവത്തിന്റെ പ്രതിഷ്ഠിത സാന്നിദ്ധ്യവും കൗദാശികസാന്നിദ്ധ്യവുമുള്ള ദേവാലയങ്ങൾ ദൈവാരാധനയക്ക് അനിവാര്യമാണ്, പ്രത്യേകിച്ച് സാധാരണ മാനുഷീക വ്യവസ്ഥിതിയിൽ.

**63. വിശുദ്ധരെ ആദരിക്കുന്നതും വണങ്ങുന്നതും തെററോ?**

അല്ല, കാരണം "കർത്താവ് തന്റെ വിശുദ്ധരിൽ മഹത്വപ്പെടുപ്പെടുന്നു" (2 തെസ 1:10) എന്നാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത്. ജീവിച്ചിരിക്കുമ്പോഴും മരണശേഷവും ദൈവ നാമം മഹത്വപ്പെടുത്തുന്ന വിശുദ്ധരെ ആദരിക്കാതിരിക്കുന്നതാണ് തെററ്.

www.malankaralibrary.com

## 64. വിശുദ്ധരോടു മാദ്ധ്യസ്ഥം അപേക്ഷിക്കരുതോ?

അപേക്ഷിക്കാം. നമ്മുടെ സമൂഹത്തിൽ തീഷ്ണമായി വിശ്വാസം അനുഷ്ഠിച്ചു ജീവിച്ചവരാണ് വിശുദ്ധർ. അവരെ അനുകരിക്കുന്നതും അനുസ്മരിക്കുന്നതും ഫലദായകവും അനുഗ്രഹകരവുമാണ്. ഇഹത്തിൽ ജീവിക്കുന്ന അപൂർണ്ണരായ മനുഷ്യരുടെ പ്രാർത്ഥനാ സഹായംപോലും നാം വിലമതിക്കുമ്പോൾ സ്വർഗ്ഗീയരായ വിശുദ്ധരോട് മാദ്ധ്യസ്ഥം അപേക്ഷിക്കുന്നത് തെററാകുന്നതെങ്ങനെ? പെന്തക്കോസ്തർ ഭവനങ്ങൾതോറും പോയി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നത് തെററല്ലല്ലോ. മാത്രമല്ല, ക്രിസ്തുവിശ്വാസികൾ പുണ്യവാന്മാരുടെ ഐക്യത്തിലും അവരുടെ സഹായത്താലുമാണ് ഇഹത്തിൽ ജീവിക്കുന്നത്. വിശുദ്ധരുടെ മദ്ധ്യസ്ഥപ്രാർത്ഥന നമുക്കു വലിയ കോട്ടയാണ്.

## 65. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു തെറേറാ?

തെററല്ലെന്നു മാത്രമല്ല മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ജീവിച്ചിരിക്കുന്നവരുടെ കടമയാണ്. പ്രൊട്ടസ്റ്റന്റിസത്തിന്റെ കാലം വരെ (16-ാം നൂററാണ്ടുവരെ) ലോകത്തിലുള്ള ക്രിസ്ത്യാനികളെല്ലാം തങ്ങളുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. സഭയിലെ അംഗത്വവും വിശ്വാസികളുമായുള്ള കൂട്ടായ്മയും മരണത്തോടെ അവസാനിക്കുന്നില്ല. ക്രൈസ്തവർ മാത്രമല്ല ഹൈന്ദവരും മുസ്ലീങ്ങളും, യഹൂദരും മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. യഹൂദർ മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു എന്നതിനു തെളിവാണ് 2 മക്ക 12:38-45. മരിച്ചുപോയവരുടെ കടങ്ങളും പാപങ്ങളും പരിഹരിക്കുവാൻ ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയും പരിഹാരബലികളും പര്യാപ്തമാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. മരിച്ചവരോടുള്ള കടമ മറക്കരുതെന്ന് പ്രഭാ 7:33-ൽ പറയുന്നു. നിയമാ 26:14-ൽ മരിച്ചവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ ചെയ്യുന്ന ദാനധർമ്മത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്.

മരിച്ചുപോയ രൂപനുണ്ടായിരുന്ന ശാപം (ഉൽ 49:4) നീക്കാൻ മോശ പ്രാർത്ഥിച്ച കാര്യം നിയമാ 33:6 വ്യക്തമാക്കുന്നു. "മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ മരിച്ചവർക്കുവേണ്ടി എന്തിനു സ്നാനം സ്വീകരിക്കണം" (1 കൊറി 15:29) എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ആദിമസഭയിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്നു. മരിച്ചവരോട് സുവിശേഷം പ്രസംഗിക്കാൻ

www.malankaralibrary.com

ക്രിസ്തു പാതാളത്തിലേക്കു പോയി എന്ന് വി. പത്രോസും സാക്ഷിക്കുന്നു (1 പത്രോ 3:19-20; 4:6). ആദിമസഭയിലെ പ്രാർത്ഥനകളിലെല്ലാം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുണ്ട്. പരിശുദ്ധ കുർബാനയിൽ മരിച്ചുപോയവരെ ഓർത്തു പ്രാർത്ഥിക്കുന്നതാണ് അവർക്കുവേണ്ടി ചെയ്യാവുന്ന ഏററം വലിയ നന്മ.

**66. മരിച്ചവർക്ക് ദൈവത്തെ സ്തുതിക്കാനും ജീവിച്ചിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും കഴിയുമോ?**

തീർച്ചയായും കഴിയും. എന്നാൽ താഴെപ്പറയുന്ന മൂന്ന് തിരുവചന ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് പെന്തക്കോസ്തർ ചോദിക്കുന്നത് മരണമടഞ്ഞവർക്ക് ദൈവത്തെ ഓർക്കുവാനോ സ്തുതിക്കുവാനോ കഴിയുന്നില്ല, പിന്നെങ്ങനെ ജീവിച്ചിരിക്കുന്നവർക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കാൻ അവർക്കു കഴിയും എന്നാണ്.

1. "മൃതരുടെ ലോകത്ത് ആരും അങ്ങയെ അനുസ്മരിക്കുന്നില്ല. പാതാളത്തിൽ ആർ അങ്ങയെ സ്തുതിക്കും?" (സങ്കീ 6:5)

2. മരിച്ചവരും നിശബ്ദതയിൽ ആണ്ടുപോയവരും കർത്താവിനെ സ്തുതിക്കുന്നില്ല"(സങ്കീ 115:17).

3. "മരിച്ചവർക്കുവേണ്ടി അങ്ങ് അത്ഭുതം പ്രവർത്തിക്കുമോ? നിഴലുകൾ അങ്ങയെ പുകഴ്ത്തുവാൻ ഉണർന്നെഴുന്നേല്ക്കുമോ?...." (സങ്കീ 88:10-12).

പെന്തക്കോസ്തരുടെ അറിവില്ലായ്മയാണ് ഈ ചോദ്യത്തിനുപിന്നിലുള്ളത്. മരണത്തോടെ മനുഷ്യന് ദൈവത്തോടുള്ള ബന്ധം അവസാനിക്കുന്നു എന്നും, ഇഹലോകജീവിതകാലം ദൈവത്തെ സ്തുതിക്കുകയും ആരാധിച്ചു മഹത്വപ്പെടുത്തുകയും ചെയ്യാനുള്ള അവസരമാണ് എന്നും, മരിച്ചവർക്ക് ഇപ്രകാരം ചെയ്യാനാവില്ല എന്നുമായിരുന്നു ആദ്യകാലങ്ങളിൽ പൊതുവേ യഹൂദരുടെയിടയിലുണ്ടായിരുന്ന ചിന്ത. ഈ ആശയമാണ് സങ്കീ 6:5-ലും 115:17-ലും കാണുന്നത്. എന്നാൽ പിൽക്കാലത്ത് യഹൂദരുടെ ഇടയിൽ പുനരുദ്ധാനത്തിലും മരണാനന്തരജീവിതത്തിലുമുള്ള വിശ്വാസം രൂപപ്പെട്ടുതുടങ്ങി. യേശുവിന്റെ കാലത്ത് യഹൂദരുടെ ഇടയിൽ ഈ രണ്ടഭിപ്രായവും ഉണ്ടായിരുന്നല്ലോ. പഴയനിയമത്തിൽ ക്രമാനുഗതമായി രൂപംകൊണ്ട ഈ ഉത്ഥാന വീക്ഷണം പുതിയനിയമത്തിൽ യേശുമിശിഹായുടെ ഉത്ഥാനംവഴി പൂർണ്ണരൂപം പ്രാപിക്കുകയും അത് ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമായിത്തീരുകയും ചെയ്തു.

www.malankaralibrary.com

ഇതിൽ സങ്കീ 6:5 -ലും 88:10-12 -ലും *മരിച്ചവർ* എന്ന വാക്കു കൊണ്ടുദ്ദേശിക്കുന്നത് മൃതശരീരത്തെയും *മൃതരുടെ ലോകം* എന്നതുകൊണ്ടുദ്ദേശിക്കുന്നത് സെമിത്തേരി അഥവാ ശ്മശാനത്തെയുമാണ്. ഉദാഹരണമായി യേശുവിന്റെ മൃതശരീരം കാണാൻ ചെന്ന സ്ത്രീകളോട് മാലാഖമാർ ചോദിച്ചു, "ജീവിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ നിങ്ങൾ എന്തിന് തേടുന്നു. അവിടുന്ന് ഇവിടെയില്ല, ഉയർത്തെഴുന്നേററിരിക്കുന്നു" (ലൂക്കാ 24:5).

സങ്കീ 115:17 -ൽ നിശബ്ദതയിൽ ആണ്ടുപോയവരെന്നു പറഞ്ഞിരിക്കുന്നത് തിന്മചെയ്തുജീവിച്ചതുകാരണം മരണാനന്തര ജീവിതത്തിൽ ദൈവത്തിൽനിന്ന് അകററപ്പെട്ടവരെക്കുറിച്ചാണ്. അവർക്ക് ദൈവത്തെ സ്തുതിക്കാനാവില്ല. എന്നാൽ നീതിമാന്മാരായ മരിച്ച വ്യക്തികളുടെ ആത്മാക്കൾ മരണഗർത്തത്തിൽ നിന്ന് ഉയർപ്പിക്കപ്പെട്ട് ദൈവത്തിങ്കലേക്കാണ് പോകുന്നത്. "ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്കു മടങ്ങും; ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേക്കു തിരിച്ചുപോവുകയും ചെയ്യും" (സഭാപ്രസംഗ 12:7). "കർത്താവേ അവിടുന്ന് എന്നെ പാതാളത്തിൽ നിന്നു കരകയററി; മരണഗർത്തത്തിൽ പതിച്ചവരുടെയിടയിൽ നിന്ന് എന്നെ ജീവനിലേക്ക് ആനയിച്ചു" എന്ന് സങ്കീർത്തകനും ഉദ്ഘോഷിക്കുന്നു (സങ്കീ 30:3). ലൂക്കാ 16:19-26 -ലെ ധനവാന്റെയും ലാസറിന്റെയും ഉപമയിൽ മരിച്ചടക്കപ്പെട്ട ധനവാന്റെ ആത്മാവ് നരകത്തിൽ പീഡയനുഭവിക്കുന്നതായും ലാസറിനെ ദൈവദൂതന്മാർ അബ്രഹാമിന്റെ മടിയിലേക്ക് (സ്വർഗ്ഗത്തിലേക്ക്) ആനയിച്ചതായും പറയുന്നുണ്ട്. ഈ തിരുവചനങ്ങളുടെയെല്ലാം വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ നീതിമാന്മാരായി ജീവിച്ചുമരിച്ച വിശ്വാസികൾക്ക് ദൈവത്തെ സ്തുതിക്കുവാനും ജീവിച്ചിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും സാധിക്കുമെന്നു വ്യക്തം. മരിച്ചവർ ദൈവത്തെ സ്തുതിക്കുന്നതും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ജീവിച്ചിരിക്കുന്നവർ ചെയ്യുന്നതുപോലെയല്ല, പിന്നെയോ അവർ ദൈവത്തിന്റെ മഹത്വം ദർശിച്ച് അവിടുത്തോടുകൂടെ ആയിരിക്കുകയും നമുക്കുവേണ്ടി നേരിട്ട് ദൈവത്തോടപേക്ഷിക്കുകയും ചെയ്യും.

### 67. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ക്രൈസ്തവരായ എല്ലാവർക്കുമുള്ളതല്ലേ?

അതേ. എന്നാൽ പെന്തക്കോസ്തർ ഇതു പ്രാർത്ഥിക്കുന്നില്ല. അതിനു രണ്ടു പ്രധാന കാര്യങ്ങളാണ് അവർ പറയുന്നത്. *ഒന്നാമതായി*, ഇതു അപ്പസ്തോലന്മാർക്കു മാത്രമായി യേശു ഉപദേശിച്ചു കൊടുത്തതാണെന്നാണ് അവർ പറയുന്നത്. ഈ വാദം ശരിയല്ല, ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കുമായിട്ടാണ് യേശു ഈ

www.malankaralibrary.com
പ്രാർത്ഥന നല്കിയത്. തങ്ങൾ അനുസരിക്കേണ്ടതായ കർത്താവിന്റെ ഈ കല്പന പെന്തക്കോസ്തർ അനുസരിക്കുന്നില്ല. എന്നാൽ യേശു തന്റെ അപ്പസ്തോലന്മാരെ മാത്രം ഭരമേല്പിച്ച അപ്പം മുറിക്കൽ, സ്നാനം നല്കുക മുതലായ കർമ്മങ്ങൾ (അവർക്കു ചെയ്യുവാൻ അനുവാദമില്ലാത്തവ) അവർ അനുഷ്ഠിക്കുന്നു. യേശു തന്റെ അപ്പസ്തോലന്മാരെ ഭരമേല്പ്പിച്ച സുവിശേഷപ്രഘോഷണവും അവർ നടത്തുന്നു. എത്ര വലിയൊരു വിരോധാഭാസമാണിത്!

*രണ്ടാമതായി*, അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ എന്ന അപേക്ഷയോടാണ് അവരുടെ വിയോജിപ്പ്. എല്ലാവിധസമ്പത്തോടുംകൂടെ കഴിയുന്നവർ, അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ എന്നപേക്ഷിക്കുന്നത് ദൈവത്തെ കബളിപ്പിക്കലല്ലേ എന്നാണവർ ചോദിക്കുന്നത്. പെന്തക്കോസ്തരുടെ അജ്ഞതയാണിതിനു കാരണം. യഥാർത്ഥത്തിൽ അന്നന്നുവേണ്ട ആഹാരം എന്നതുകൊണ്ടിവിടെ അർത്ഥമാക്കുന്നത് ജീവനിലേക്കു വളരാനുള്ള ആത്മീയവും ശാരീരികമായ എല്ലാവിധ സാഹചര്യങ്ങളെയുമാണ്. സമ്പത്തുകൊണ്ടു മാത്രം ഇതുലഭിക്കില്ലെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കുകയും അംഗീകരിക്കുകയും വേണം.

### 68. കത്തോലിക്കാസഭയുടെ ആരാധനക്രമം കേവലം അനുഷ്ഠാനമോ?

ആരാധനക്രമം കേവലം അനുഷ്ഠാനമല്ല, രക്ഷാകരരഹസ്യങ്ങളുടെ അനുസ്മരണവും ആഘോഷവുമാണ്. ത്രീയേകദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ ഇന്നും എക്കാലത്തുമുള്ള ജനങ്ങൾക്ക് സംലഭ്യമാക്കുന്നത് രക്ഷയുടെ കൂദാശയായ സഭയുടെ ആരാധനക്രമത്തിലൂടെയാണ്. മനുഷ്യകുലത്തിന്റെ മുഴുവൻ വിശുദ്ധീകരണവും രക്ഷയും ദൈവത്തിന്റെ മഹത്വീകരണവുമാണ് സഭയുടെ ആരാധനക്രമത്തിന്റെ പ്രധാനമായ ലക്ഷ്യം.

### 69. എന്താണ് സഭയുടെ ആരാധനക്രമം?

വി. കുർബ്ബാനയും, മററു കൂദാശകളും യാമപ്രാർത്ഥനകളും കൂദാശാനുകരണങ്ങളും അടങ്ങുന്ന തിരുസ്സഭയുടെ പരസ്യാരാധനയുടെ ക്രമത്തെയാണ് ആരാധനക്രമം എന്നു വിളിക്കുന്നത്. "ദൈവത്തിന്റെ ജനം പരിശുദ്ധാരൂപിയുടെ ഐക്യത്തിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിന്റെ മൗതീകശരീരമെന്നനിലയിൽ പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന പരസ്യമായ ആരാധനയാണിത്" (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ആരാധനക്രമം, ആമുഖം, പേജ് 108). മൗതീകശരീരത്തിന്റെ ശിരസ്സും

www.malankaralibrary.com

നമ്മുടെ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവഴി സ്വർഗ്ഗീയരോടും ഭൗമീകരോടും ഒന്നുചേർന്നാണ് നാം പരമപിതാവിന് ആരാധനയർപ്പിക്കുന്നത്. ദൈവീകവും രക്ഷാകരവുമായ ഈ പ്രവർത്തി ദൈവം തന്റെ വചനത്തിന്റെ ശക്തിയാലും പരിശുദ്ധാരൂപിയുടെ പ്രവർത്തനത്താലുമാണ് പ്രാവർത്തീകമാക്കുന്നത്. തന്റെ മൗതീക ശരീരമായ തിരുസ്സഭയിലൂടെ മിശിഹാ യുഗാന്ത്യത്തോളം ഈ രക്ഷാകരപ്രവർത്തനം തുടരുന്നു. മനുഷ്യന്റെ സഹകരണവും ഇതിന് അനിവാര്യമാണ്.

ആരാധനക്രമത്തിന്റെ സിരാകേന്ദ്രം അൾത്താരയിലെ ദിവ്യബലിയാണ്. അത് ക്രിസ്തീയതത്വങ്ങളുടെയെല്ലാം രത്നച്ചുരുക്കവും എല്ലാ ഭക്തികളുടേയും കേന്ദ്രബിന്ദുവുമാകുന്നു. അനുഗ്രഹത്തിന്റെ ഉറവിടവും പൊലിയാത്ത സ്നേഹത്തിന്റെ പ്രതീകവുമായ ദിവ്യബലി നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായിത്തീരുമ്പോൾ മാത്രമാണ് മനുഷ്യഹൃദയം ആഗ്രഹിച്ചാരായുന്ന ഐക്യവും ആനന്ദവും (സമാധാനവും) കൈവരുക" (രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിററ്യൂഷൻ, ആമുഖം, പേജ് 108). ഈ യാഥാർത്ഥ്യത്തെതന്നെയാണ് "ഈ കുർബാന അനുഗ്രഹവും, സമാധാനവും ബലിയും സ്തോത്രവുമാകുന്നു" എന്ന് മലങ്കര കുർബാനക്രമത്തിൽ അനാഫുറായുടെ ആരംഭത്തിൽ വൈദീകന്റെ സമർപ്പണപ്രാർത്ഥനയ്ക്കുശേഷം വിശ്വാസികളൊന്നു ചേർന്ന് വിശ്വാസപൂർവ്വം ഏററുചൊല്ലുന്നത്. അതോടൊപ്പം നമ്മുടെ ആരാധനക്രമത്തിൽ മൂന്നു പ്രാവശ്യം ആവർത്തിക്കുന്ന ".... പരിശുദ്ധ ത്രിത്വത്തിന്റെ കൃപയും അനുഗ്രഹങ്ങളും എന്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടുകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്ന ത്രിത്വത്തിന്റെ നാമത്തിലുള്ള ആശീർവാദവും, ഏഴു പ്രാവശ്യം ആവർത്തിക്കുന്ന "നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ" എന്ന സമാധാനാശംസയും വി. കുർബാനയുടെ സമാപാനാശംസയുമെല്ലാം പ. കുർബാനയിലൂടെ ലഭിക്കുന്ന ഈ അനുഗ്രഹത്തെയും സമാധാനത്തെയും വ്യക്തമാക്കുകയാണ്. തന്റെ മൗതീകശരീരമായ തിരുസ്സഭയിലൂടെ തന്നോട് ഐക്യപ്പെടുന്നതിന് ആരാധനക്രമംവഴി ക്രിസ്തുനാഥൻ നമ്മെ ക്ഷണിക്കുന്നു.

### 70. കൂദാശകൾകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

കൂദാശ എന്ന പദത്തിന്റെ ഉത്ഭവം വിശുദ്ധീകരിക്കുന്ന കർമ്മം എന്നർത്ഥമുള്ള "കാദിശ്" എന്ന സുറിയാനി പദത്തിൽ നിന്നാണ്. പരമപരിശുദ്ധനായ ദൈവത്തിന്റെ അദൃശ്യസാന്നിദ്ധ്യമാണ് നമ്മെ വിശുദ്ധീകരിക്കുന്നത്. ദിവ്യകൂദാശകളിലൂടെ നാം ത്രീയേകദൈവത്തിന്റെ കൂട്ടായ്മയിലെ മൂന്നാളുകളുമായും, സഭാസമൂഹവുമായും

www.malankaralibrary.com

സംസർഗ്ഗത്തിലാകുന്നു. അതുവഴി ദൈവത്തെ ഏററവും അടുത്ത് അനുഭവിക്കുന്നതിനും അവിടുത്തെ തിരുഹിതം അറിയുകയും നിറവേററുകയും ചെയ്തുകൊണ്ട് അവിടുത്തെ പ്രതിരൂപങ്ങളായി ഈ ലോകത്തിൽ ജീവിക്കുന്നതിനും നമുക്കിടയാകുന്നു.

"ക്രിസ്തുവിനാൽ സ്ഥാപിതവും വരപ്രസാദത്തിന്റെ അടയാളവുമാണ് കൂദാശ"യെന്ന് തെർത്തുല്യൻ വിവരിച്ചു (160-240). ക്രിസ്തീയാരാധനയുമായി ഈ പദത്തെ ബന്ധപ്പെടുത്തിയത് മൂന്നാം നൂററാണ്ടിൽ അലക്സാണ്ഡ്രിയായിലെ വി. ക്ലെമന്റും (150-216) ഒരിജനുമാണ് (185-255). കൂദാശകൾ രക്ഷാകരരഹസ്യങ്ങളുടെ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമുള്ള വെളിപാടുകളാണ്.

സൃഷ്ടപ്രപഞ്ചത്തിലൂടെയും, വ്യക്തികളിലൂടെയും, നമ്മുടെ ബുദ്ധികൊണ്ടും, വ്യക്തിപരമായ പ്രാർത്ഥനാ ധ്യാനങ്ങളിലൂടെയും, അതിലെല്ലാം ഉപരിയായി ദൈവിക വെളിപാടിലൂടെയും നമുക്ക് ദൈവത്തെ അറിയാനും അനുഭവിക്കാനും സാധിക്കും. എങ്കിലും ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ഒരനുഭവജ്ഞാനമാണ് കൂദാശകൾ വഴിയുള്ള ദൈവത്തിന്റെ സ്വയാവിഷ്കരണവും സ്വയംദാനം ചെയ്യലും (self communication) വഴി നമുക്ക് ലഭിക്കുന്നത്. സൃഷ്ടവസ്തുക്കളിലൂടെ ദൈവത്തോടുള്ള മുഖാഭിമുഖമുള്ള വ്യക്തിബന്ധം സാദ്ധ്യമാവുകയില്ല, കാരണം ദൈവമെന്ന പരമരഹസ്യത്തിൽനിന്നു വിഭിന്നമാണ് അവിടുത്തെ സൃഷ്ടികൾ. എന്നാൽ കൂദാശകൾവഴി രക്ഷാകരസംഭവങ്ങൾ അനുഭവിക്കുക മാത്രമല്ല ദൈവത്തോട് വ്യക്തിപരമായി നേരിട്ടു ബന്ധപ്പെടുന്നതിനും നമുക്കു സാധിക്കുന്നു. ഇത് എങ്ങനെ സാദ്ധ്യമാകുന്നു എന്നത് ഒരു പ്രശ്നമായി അവശേഷിക്കാം. എന്നാൽ കൗദാശികരഹസ്യങ്ങളുടെ വെളിപാടുപരമായ ഈ ചോദ്യത്തിന് "ആധുനീക പ്രതീക ദൈവശാസ്ത്രത്തിന്" വ്യക്തമായ വിശദീകരണം നല്കാനാകും.

## 71. എന്താണ് അടയാളങ്ങളും പ്രതീകങ്ങളും?

സന്നിഹിതമല്ലാത്ത ഒരു യാഥാർത്ഥ്യത്തിനു പകരമായി നില്ക്കുന്ന ഒന്നിനെയാണ് സാധാരണ അടയാളം എന്നു പറയുന്നത്. തന്നിൽനിന്നു വ്യതിരിക്തമായ ഒന്നിനെ അടയാളം സൂചിപ്പിക്കുന്നു. എന്നാൽ സന്നിഹിതമായ ഒരുയാഥാർത്ഥ്യത്തിന്റെ ഇന്ദ്രിയഗോചരമായ പ്രകാശനമായിട്ടാണ് പ്രതീകത്തെ സാധാരണ അവതരിപ്പിക്കാറുള്ളത്. ഒരു യാഥാർത്ഥ്യത്തിന്റെ ആവിഷ്കരണവും ആവിഷ്കരിക്കപ്പെട്ട യാഥാർത്ഥ്യത്തിലുള്ള ഭാഗഭാഗിത്വവുമാണ് പ്രതീകം. പ്രതീകത്തിന്റെ ചില സവിശേഷതകൾ പ്രത്യേകം ശ്രദ്ധേയമാണ്. *ഒന്നാമ*

www.malankaralibrary.com

*തായി*, അടയാളങ്ങൾക്ക് പരിമിതമായ അർത്ഥമാണുള്ളത്. എന്നാൽ പ്രതീകങ്ങളുടെ അർത്ഥം വളരെ വിശാലമാണ്. ***രണ്ടാമതായി***, അടയാളങ്ങൾ സന്നിഹിതമല്ലാത്ത ഒരു യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു. പ്രതീകങ്ങൾ സന്നിഹിതമായ യാഥാർത്ഥ്യത്തെ ഇന്ദ്രിയഗോചരമാംവിധം പ്രത്യക്ഷീഭവിപ്പിക്കുകയും എന്നാൽ അതിന് അതീതമായ ഒന്നിലേക്കു നമ്മെ ആകർഷിച്ചു നയിക്കുകയുംചെയ്യുന്നു. *മൂന്നാമതായി*, മററുവിധത്തിലെല്ലാം മനുഷ്യമനസ്സിന് അജ്ഞാതമായിരിക്കുന്ന മാനങ്ങളിലേക്ക് *പ്രതീകങ്ങൾ* നമ്മെ നയിക്കുന്നു. *നാലാമതായി*, പ്രതീകത്തിലാണ് ഭാഷ ഏററവും ശക്തവും പൂർണ്ണവുമായി വെളിപ്പെടുത്തപ്പെടുന്നത്. അത് നമുക്ക് മനസ്സിലാക്കാവുന്നതിലും അധികം പറയുന്നു. *അഞ്ച്*, അടയാളങ്ങൾ യാഥാർത്ഥ്യത്തിലേക്കു വിരൽചൂണ്ടുമ്പോൾ പ്രതീകങ്ങൾ അതുസൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിൽ നമ്മെ പങ്കുകാരാക്കുന്നു.

പ്രതീകം രഹസ്യത്തെ വെളിപ്പടുത്തുന്നു. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ മറഞ്ഞിരിക്കുന്നു എങ്കിലും കൗദാശിക പ്രതീകങ്ങളിലൂടെ അവ പ്രത്യക്ഷീഭവിപ്പിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുന്നു. മനുഷ്യബുദ്ധിക്ക് അവ അഗ്രാഹ്യമെങ്കിലും കൗദാശികപ്രതീകങ്ങളിലൂടെ ആഴമായി അവയിൽ ഉൾച്ചേരുന്നതിനു സാധിക്കും. സർവാതിശായിയായ ഒരു ദൈവീകരഹസ്യത്തെ വിശ്വാസികൾക്ക് വ്യക്തിപരമായി സന്നിഹിതമാക്കുകയും അതിന്റെ പരിവർത്തനാത്മകമായ അനുഭവത്തിൽ അവരെ വ്യക്തിപരമായി ഉൾച്ചേർക്കുകയും ചെയ്യുന്ന ഇന്ദ്രിയഗോചരമായ യാഥാർത്ഥ്യമാണ് പ്രതീകം. ഇതുവഴി മനുഷ്യൻ തന്റെ പ്രകൃതിക്കനുസരിച്ച് മാനുഷീകവും ദൈവീകവുമായ രീതിയിൽ ദൈവീകരഹസ്യങ്ങളിൽ പങ്കുചേരുന്നു. ദൈവീകരഹസ്യങ്ങളിൽ പങ്കുചേരാനും അവ പ്രകടിപ്പിക്കുവാനും പ്രതീകങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

**72. നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ ഓരോവർഷവും ആരാധനക്രമപരമായി ആഘോഷിക്കേണ്ടത് ആവശ്യമല്ലേ?**

അത്യാവശ്യമാണ്. കാരണം തിരുസ്സഭ തന്റെ ആരാധനക്രമവത്സരത്തിലൂടെയാണ് രക്ഷാകരരഹസ്യങ്ങൾ എക്കാലത്തുമുള്ള സകലജനത്തിനും സംലഭ്യമാക്കുകയും, അവരെ ക്രമാനുഗതമായി അതിലേക്കുവളർത്തുകയും, ക്രിസ്തുനാഥനോട് അനുരൂപപ്പെടുന്നതിന് അവരെ സഹായിക്കുകയും ചെയ്യുന്നത്. ആരാധനക്രമവത്സരത്തിലൂടെ ക്രിസ്തുനാഥൻ ഇന്നും എന്നും മനുഷ്യചരിത്രത്തിലിടപെടുകയും മനുഷ്യനെ തന്നിലേക്കാകർഷിക്കുകയും ചെയ്യുന്നു.

www.malankaralibrary.com
എന്നാൽ നമ്മുടെ പെന്തക്കോസ്തു സഹോദരങ്ങൾ പറയുന്നത് ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ നാം ഓരോവർഷവും യേശുവിനെ ജനിപ്പിക്കുകയും, ദുഃഖവെള്ളിയാഴ്ച്ച ആചരിക്കുമ്പോൾ ഓരോ വർഷവും യേശുവിനെ കുരിശിൽ തറയ്ക്കുകയും ചെയ്യുന്നു എന്നാണ്.

ഈ ചിന്താഗതി തികച്ചും അവരുടെ അജ്ഞതയുടെയും സഭയുടെ ആരാധനക്രമത്തെക്കുറിച്ചുള്ള അറിവില്ലായ്മയുടെയും ഫലമാണ്. യഥാർത്ഥത്തിൽ തിരുസ്സഭയുടെ ആരാധനക്രമപരമായ ക്രിസ്തുമസ് ആഘോഷവും ദുഃഖവെള്ളിയാഴ്ച്ച ആചരണവും, ഉത്ഥാന ആഘോഷവുമെല്ലാം ഓരോ വർഷവും നടത്തുന്നതുവഴി ക്രിസ്തുരഹസ്യം എല്ലാ കാലത്തുമുള്ള വിശ്വാസികൾക്ക് സംലഭ്യമാക്കുകയും, അതിലേക്ക് ക്രമാനുഗതമായി വളരുന്നതിനവരെ സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തു നാഥൻ മനുഷ്യചരിത്രത്തിൽ ഒരിക്കൽ മാത്രമേ ജനിച്ചുള്ളു, ഒരിക്കൽ മാത്രമേ കുരിശിൽ മരിക്കുകയും ഉയർത്തെഴുന്നേല്ക്കുകയും ചെയ്തുള്ളു. എന്നാൽ ദൈവത്തിന്റെ ഈ രക്ഷാകര പ്രവർത്തിക്ക് നിത്യമായ വിലയാണുള്ളത്. ദൈവത്തിന് സ്ഥലകാല പരിമിതിയൊന്നുമില്ലല്ലോ. അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങൾ ഇന്നും എക്കാലത്തുമുള്ള ജനതയ്ക്കുവേണ്ടിയുള്ളതാണ്. ക്രിസ്തുമസിന്റെ ആരാധനക്രമപരമായ ആഘോഷത്തിലൂടെ മനുഷ്യാവതാരരഹസ്യത്തിൽ വിശ്വാസികളെ പങ്കാളികളാക്കുകയാണു ചെയ്യുന്നത്. അല്ലാതെ പെന്തക്കോസ്തർ പറയുന്നതുപോലെ യേശുവിനെ വീണ്ടും ജനിപ്പിക്കുകയല്ല.

### 73. ആരാധനക്രമ വത്സരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

ആരാധനക്രമ വത്സരത്തിലൂടെ രക്ഷാകരചരിത്രം മുഴുവൻ കൂടുതൽ വിപുലമായ അർത്ഥത്തിൽ അനാവരണം ചെയ്യപ്പെടുന്നു. ഇതുവഴി രക്ഷാകരമായ ദിവ്യരഹസ്യങ്ങൾ അടുത്തറിയുന്നതിനും അവ സ്വജീവിതത്തിൽ പകർത്തുന്നതിനും അവസരം ലഭിക്കുകയാണ്. രക്ഷയുടെ രഹസ്യങ്ങൾ സഭയിൽ എന്നും സജീവമാംവിധം സന്നിഹിതമാക്കുകയാണ് കൂദാശകൾവഴി. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ രക്ഷാകരസംഭവങ്ങൾ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നതിനും ധ്യാനവിഷയമാക്കുന്നതിനും അവിടുത്തെ ജീവിതമാതൃക അനുസ്മരിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതം നയിക്കുന്നതിനും വത്സരചക്രം നമ്മെ സഹായിക്കുന്നു.

സഭയുടെ ആരാധന നിത്യനായ പുത്രന്റെ പെസഹാരഹസ്യത്തിന്റെ കൗദാശിക അനുസ്മരണവും ആഘോഷവുമാണ്. രക്ഷാകരചരിത്രത്തിന്റെ കൂടുതൽ പൂർണ്ണമായ അനാവരണത്തിന് ആരാധനക്രമ വത്സരചക്രം ഉപകരിക്കുന്നു. കൂടാതെ ക്രിസ്തുവിന്റെ മനുഷ്യാവ

www.malankaralibrary.com

താരവും ജനനവും തുടങ്ങി സ്വർഗ്ഗാരോഹണം, പെന്തക്കുസ്താ, സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചുള്ള നമ്മുടെ പ്രതീക്ഷ, കർത്താവിന്റെ ദ്വിദീയാഗമനം മുതലായ എല്ലാ സംഭവങ്ങളിലുമുള്ള അവിടുത്തെ ദിവ്യ രഹസ്യങ്ങൾ മുഴുവൻ ഒരാണ്ടുവട്ടത്തിൽ തിരുസ്സഭ വിശദീകരിക്കുന്നു. ഇപ്രകാരം രക്ഷാകരരഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് തിരുസ്സഭ തന്റെ നാഥന്റെ ശക്തിയുടെയും യോഗ്യതകളുടെയും അനർഘനിക്ഷേപങ്ങൾ വിശ്വാസികൾക്കു തുറന്നുകൊടുക്കുന്നു. അങ്ങനെ ആരാധനക്രമവത്സരം വഴി രക്ഷാകരരഹസ്യങ്ങൾമുഴുവൻ എല്ലാ സമയത്തുമുള്ള വിശ്വാസികൾക്കായി അവതരിപ്പിക്കപ്പെടുകയും, വിശ്വാസികൾ ഈ രഹസ്യങ്ങൾ ഗ്രഹിച്ച് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു'' (ആരാധനക്രമം, ആർട്ടിക്കിൾ 102)

### 74. കൂദാശകൾ വി. ഗ്രന്ഥാധിഷ്ഠിതമാണോ?

കത്തോലിക്കാ സഭയുടെ കൂദാശകളെല്ലാം വി. ഗ്രന്ഥാധിഷ്ഠിതമാണ്. കൂദാശ എന്ന പദം ബൈബിളില്ലാത്തതുകൊണ്ട് സഭയുടെ കൂദാശകൾ വി. ഗ്രന്ഥാധിഷ്ഠിതമല്ലെന്നു പറയാനാവില്ല. എല്ലാ കൂദാശകളും വി. ഗ്രന്ഥാധിഷ്ഠിതവും കർത്താവിനാൽ സ്ഥാപിതവുമാണ്. കൂദാശകളുടെ യഥാർത്ഥ പരികർമ്മി കർത്താവാണ്.

### 75. കുമ്പസാര കൂദാശ വി. ഗ്രന്ഥാധിഷ്ഠിതമല്ലേ?

വി. ഗ്രന്ഥാധിഷ്ഠിതമാണ്. പരമപിതാവിൽനിന്ന് പാപങ്ങൾ മോചിക്കാൻ തനിക്കു ലഭിച്ച അധികാരം നമ്മുടെ കർത്താവ് തന്റെ സഭയ്ക്കാണ് (അപ്പസ്തോലന്മാർക്ക്) നല്കിയത്. "സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ 18:18). പത്രോസിനോടു തനിച്ചായിട്ടും കർത്താവ് ഇപ്രകാരംതന്നെ പറഞ്ഞു, "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ 16:19).

### 76. വൈദീകനോട് പാപം ഏററുപറയുന്നതെന്തിന്?

കത്തോലിക്കാ സഭയിൽ കുമ്പസാരം ഒരു കൂദാശയാണ്. ഈ കൂദാശവഴി യേശുനാഥനിലൂടെയുള്ള പാപമോചനവും കൃപാവരവും എക്കാലത്തുമുള്ള ജനതയ്ക്ക് സംലഭ്യമാക്കുകയാണുചെയ്യുന്നത്. മററുകൂദാശകളുടെയെന്നപോലെ ഇതിന്റെയും പരികർമ്മി

www.malankaralibrary.com

നമ്മുടെ കർത്താവുതന്നെയാണ്. അദൃശ്യനായ കർത്താവിന്റെ ദൃശ്യമായ പ്രതിനിധി മാത്രമാണ് വൈദീകൻ. അതിനാൽ വൈദീകനോട് നാം പാപം ഏററുപറയുമ്പോൾ അത് വൈദീകനോടല്ല, കർത്താവിനോടുതന്നെയാണ് ഏററുപറയുന്നത്. കർത്താവ് തന്റെ പാപമോചന അധികാരം തിരുസ്സഭയിലൂടെ അപ്പസ്തോല പ്രതിനിധികൾവഴി ഇന്നും തുടരുന്നു. ദൈവം മനുഷ്യനായി അവതരിച്ചതിനാലും, അവിടുത്തെ രക്ഷാകരവ്യാപാരങ്ങൾ കൗദാശികമായി തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷവഴി തുടരുന്നതിനാലും പാപമോചനത്തിനായി നമ്മുടെ കർത്താവിന്റെ പ്രതിനിധികളായ വൈദീകരോട് അനുതാപപൂർവ്വം പാപങ്ങൾ ഏററുപറയേണ്ടതാണ്. സഭയിലെ കൂദാശകളുടെ ഉൾപ്പൊരുൾ മനസ്സിലാകാത്തവർക്ക് കുമ്പസാരകൂദാശയുടെയും അർത്ഥവും മനസ്സിലാവുകയില്ല.

### 77. കൂദാശകൾ ഏഴോ

കൂദാശകൾ തന്നെ അംഗീകരിക്കാത്തവർക്ക് കൂദാശകൾ എത്രയെന്നുള്ളത് പ്രസക്തമല്ലല്ലോ. കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച് കൂദാശകൾ ഏഴാണ്. അവയെല്ലാം വി. ഗ്രന്ഥാധിഷ്ഠിതവുമാണ്. മാമോദിസാ (ജ്ഞാനസ്നാനം), പരിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, പൗരോഹിത്യം എന്നീ നാലു കുദാശകളുടെ വേദപുസ്തകാടിസ്ഥാനം മുകളിൽ വ്യക്തമാക്കിയല്ലോ. മൂറോനഭിഷേകം, വിവാഹം, രോഗീലേപനം എന്നിവയാണ് മററു കൂദാശകൾ. മാമോദീസാ സ്വീകരിച്ച് ദൈവമക്കളും തിരുസ്സഭയിലെ അംഗങ്ങളുമായിത്തീർന്നവരെ പരിശുദ്ധാത്മാവിനാൽ മുദ്രിതരാക്കി ക്രിസ്തീയ ജീവിത സാക്ഷ്യത്തിനായി ശക്തിപ്പെടുത്തുന്ന കൂദാശയാണ് **മൂറോനഭിഷേകം.** ഈ കൂദാശാനുഷ്ഠാനത്തിൽ ആവാസത്തിന്റെ അടയാളമായി കൈവയ്പും, അഭിഷേകത്തിന്റെ അടയാളമായി വി. മൂറോൻ ലേപനം നടത്തുകയും ചെയ്യുന്നു. അപ്പ 8:14-17, 19:5-6 എന്നീ വാക്യങ്ങളാണ് ഈ കൂദാശയുടെ വേദപുസ്തകാടിസ്ഥാനമായി തിരുസ്സഭ കണക്കാക്കുന്നത്. മിശിഹായുടെ വചനത്തിന്റെ പ്രഥമപാഠങ്ങൾ പിന്നിട്ട് പക്വതയിലേക്കു വളരാൻ മൂറോനഭിഷേകം നമ്മെ സഹായിക്കുന്നു (ഹെബ്രാ 6:1-2).

രോഗീലേപനമെന്ന കൂദാശയ്ക്കും വ്യക്തമായ വേദപുസ്തകാടിസ്ഥാനമുണ്ട്. ഉദാഹരണമായി, യേശുക്രിസ്തുവിന്റെ നിർദ്ദേശമനുസരിച്ച് ശ്ലീഹന്മാർ രോഗികളുടെമേൽ തൈലം പൂശി രോഗശാന്തി നല്കിപ്പോന്നു (മർ 6:13). രോഗീലേപന ശുശ്രൂഷ സഭയിൽ എപ്ര

www.malankaralibrary.com

കാരം നല്കിയിരുന്നുവെന്ന് യാക്കോബ് ശ്ലീഹായുടെ വാക്കുകൾ വ്യക്തമാക്കുന്നു. “ നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകംചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും” (യാക്കോ 5:14-15). വിവാഹകൂദാശയെക്കുറിച്ചുള്ള വേദപുസ്തകാടിസ്ഥാനത്തിന് മർ 10:9, 6-8; മത്താ 19:16; 9, ലൂക്കാ 16:18 എന്നീ തിരുവചനഭാഗങ്ങൾ കാണുക.

## 78. വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ അനിവാര്യമോ?

അനിവാര്യമാണ്. വി. പൗലോസ് ശ്ലീഹാ 2തിമോ 4:1-5-ൽ പറയുന്നതനുസരിച്ച് വിശ്വാസപ്രബോധനമാണ് അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളായ സഭാശുശ്രൂഷകരുടെയും പ്രധാന ദൗത്യം. വിശ്വാസ സത്യങ്ങളിൽനിന്നു ജനം വ്യതിചലിക്കുമ്പോൾ സഭയുടെ പ്രബോധനം അനിവാര്യമായിവരും. ഈ ദൗത്യമാണ് പൗലോസിന്റെ വാക്കുകളിൽ പ്രതിഫലിച്ചുകാണുന്നത്. “ദൈവത്തിന്റെ മുമ്പാകെയും, ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന യേശുക്രിസ്തുവിന്റെ മുമ്പാകെയും, അവന്റെ ആഗമനത്തിന്റെയും രാജ്യത്തിന്റെയും പേരിൽ ഞാൻ നിന്നെ ഇപ്രകാരം ഭരമേല്പ്പിക്കുന്നു: വചനം പ്രസംഗിക്കുക.... മററുള്ളവരിൽ ബോദ്ധ്യം ജനിപ്പിക്കുകയും അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുക. ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക. ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്കുചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യത്തിനുനേരേ ചെവിയടച്ചു കെട്ടുകഥകളിലേക്കു ശ്രദ്ധ തിരിക്കും. നീയാകട്ടെ എല്ലാ കാര്യങ്ങളിലും സമചിത്തത പാലിക്കുക; കഷ്ടതകൾ സഹിക്കുകയും സുവിശേഷകന്റെ ജോലി ചെയ്യുകയും നിന്റെ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുക”(2തിമോ 4:1-5).

## 79. വചനപ്രഘോഷണം വ്യക്തിഗത ദൗത്യമോ?

വചനപ്രഘോഷണം കേവലം വ്യക്തിപരമായ ഉത്തരവാദിത്വമല്ല, സഭയുടെ ദൗത്യമാണ്.

www.malankaralibrary.com

**80. രോഗം വന്നാൽ ചികിത്സിക്കണമോ?**

ചികിത്സാവിധി രോഗശാന്തിയോട് ബന്ധപ്പെട്ടതാണ്. രോഗത്തെ അകററാൻ കഴിവുകൾ ഉപയോഗിക്കുന്നതാണ് ചികിത്സാവിധി. അത് ചെയ്യാതിരിക്കുന്നതല്ല ചെയ്യുന്നതാണ് ദൈവഹിതം.

**81. സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത് ദൈവീകമോ?**

ദൈവീകമല്ല. പറുദീസായിൽ ദൈവകല്പന ലംഘിക്കാൻ ഹവ്വായെ പ്രേരിപ്പിച്ച സർപ്പത്തിന്റെ വഞ്ചനാപരമായ പ്രവർത്തി പോലെയാണ് ഇന്ന് കത്തോലിക്കാ തിരുസ്സഭയുടെ പ്രബോധനങ്ങളെ ലംഘിക്കുവാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്ന പെന്തക്കോസ്തുകാരുടെ രീതി. തങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ പ്രമാണങ്ങളും നിരന്തര സാന്നിദ്ധ്യവും സാമീപ്യവും മറന്ന് ആദിമാതാപിതാക്കൾ എത്ര പെട്ടെന്ന് സർപ്പത്തിന്റെ പ്രലോഭനത്തിൽ വീണുപോയി! അതുപോലെയല്ലേ ഇന്ന് അല്പവിശ്വാസികളായ സഭാമക്കൾ തിരുസ്സഭയുടേയും തങ്ങളുടെ ആദ്ധ്യാത്മീകാചാര്യന്മാരുടെയും നൂററാണ്ടുകൾ കൊണ്ടുള്ള പ്രബോധനങ്ങൾ മറന്ന് പെന്തക്കോസ്തരുടെ വാദഗതികളിൽ വീണുപോകുന്നത്!

**82. പെന്തക്കോസ്തർ യഥാർത്ഥത്തിൽ ചെയ്യേണ്ടതെന്താണ്?**

*ഒന്നാമതായി*, ക്രിസ്തീയ വിശ്വാസികളെ ഭിന്നിപ്പിക്കുകയും വഴിതെററിക്കുകയും ചെയ്യുന്നതിനുപകരം സഭാഗാത്രത്തോടു ചേർന്നുനിന്നുകൊണ്ട് ക്രിസ്തീയ ഐക്യത്തിന്റെ സാക്ഷികളാകുകയും വിശ്വാസപ്രബോധനങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്യണം. ***രണ്ടാമതായി***, അക്രൈസ്തവ മതവിശാവാസങ്ങളെ അവഹേളിച്ചു സംസാരിക്കുന്ന രീതികൾ ഒഴിവാക്കിക്കൊണ്ട് യേശുവിനെ അക്രൈസ്തവ ലോകത്തിനു കാണിച്ചു കൊടുക്കുന്നതിനും അവരെ യേശുവിലേക്കു തിരിക്കുന്നതിനും ഉപയുക്തമായ രീതിയിൽ പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

**83. വെളിപാടു പുസ്തകത്തിൽ പറയുന്ന സാമ്രാജ്യ ശക്തികളുടെ പതനം റോമാ മാർപ്പാപ്പയുടെയും കത്തോലിക്കാ സഭയുടെയും പതനമോ?**

പെന്തക്കോസ്തരുടെ അജ്ഞതയുടെ പ്രകടമായ ഭാവമാണ് ഈ ദുരാരോപണം വ്യക്തമാക്കുന്നത്. കാരണം നീറോയുടെ ഭരണകാലത്തെ റോമാസാമ്രാജ്യത്തിന്റെ പതനത്തെക്കുറിച്ചാണ് വെളിപാടു

www.malankaralibrary.com
പുസ്തകത്തിലെ ഈ പ്രതിപാദനം സൂചിപ്പിക്കുന്നത്. മാത്രമല്ല വെളിപാടു പുസ്തകം എഴുതുന്ന കാലത്ത് റോമാ പട്ടണം ക്രിസ്തീയ ഭരണത്തിൽ മാർപ്പാപ്പയുടെ കീഴിൽ ആയിട്ടില്ല.

**84. വെളി. 7:4 – 17 – ൽ പറയുന്ന കുഞ്ഞാടിനോടൊത്ത് 1000 വർഷം ഭരണം നടത്തുന്ന ശുഭ്രവസ്ത്രധാരികളായ 144,000 പേർ രണ്ടാം സ്നാനം സ്വീകരിച്ച പെന്തക്കോസ്തരോ?**

അല്ല. പെന്തക്കോസ്തരുടെ ഈ ന്യായവാദം അവരുടെ അബദ്ധധാരണയെയും അജ്ഞതയെയും വെളിപ്പെടുത്തുന്നു. ഇവിടെ 1000 വർഷം എന്നത് അനന്തതയേയും പൂർണ്ണതയേയും സൂചിപ്പിക്കുന്നതാണ്. 1,44,000 എന്ന സംഖ്യ സഭ മുഴുവനേയും സൂചിപ്പിക്കുന്നു. ഇസ്രായേലിലെ 12 ഗോത്രങ്ങളെ സൂചിപ്പിക്കുന്ന 12 –ന്റെ ഗുണിതമാണ് 144. ഓരോ ഗോത്രത്തിൽനിന്നു 12,000 പേർവീതം 12 ഗോത്രങ്ങളിൽനിന്നാകുമ്പോൾ 1,44,000. യഥാർത്ഥത്തിൽ 1,44,000 എന്നതിന് സഭാസമൂഹം, തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹം, വിശ്വസിക്കുന്ന സകലരേയും സൂചിപ്പിക്കുന്ന ഒരു പൂർണ്ണസംഖ്യ, എന്നൊക്കെയാണർത്ഥം.

**85. സഭാദ്ധ്യക്ഷരെ പിതാവെന്ന് വിളിക്കുന്നതു ശരിയോ?**

തികച്ചും ശരിയാണ്. നമ്മെ വിശ്വാസത്തിൽ ജനിപ്പിക്കുകയും ശരിയായ ആത്മീയ ഭക്ഷണം നല്കി വളർത്തി പരിപോഷിപ്പിക്കുകയും ചെയ്യുന്ന ആത്മീയാചാര്യന്മാരെ പിതാവെന്നു വിളിക്കുന്നത് വളരെ അന്വർത്ഥമാണ്. "നിങ്ങൾ റബ്ബീ എന്നു വിളിക്കപ്പെടരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളു.... ഭൂമിയിൽ ആരേയും നിങ്ങൾ പിതാവെന്നു വിളിക്കരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരുപിതാവേയുള്ളു, സ്വർഗ്ഗസ്ഥനായ പാതാവ്" (മത്താ 23:8–9) എന്ന തിരുവചനം ഉദ്ധരിച്ചുകൊണ്ട് പെന്തക്കോസ്തർ പറയുന്നത് ദൈവത്തെയല്ലാതെ മററാരെയും പിതാവെന്നു വിളിക്കാൻ പാടില്ലെന്നാണ്. എന്നാൽ കർത്താവിതു പറഞ്ഞത് യഹൂദപ്രമാണികൾ സ്വയം മററുള്ളവരുടെ പിതാവും, ഗുരുവുമായിക്കൊണ്ട് ആധിപത്യം പുലർത്തുന്ന രീതിയെ അപലപിച്ചുകൊണ്ടാണ്. ഈ പശ്ചാത്തലത്തിൽനിന്നു ചിന്തിക്കുമ്പോൾ മുകളിൽ പറഞ്ഞ തിരുവചനത്തെക്കുറിച്ചുള്ള പെന്തക്കോസ്തരുടെ തെററിധാരണയാണ് അവരുടെ ഈ വാദത്തിനുപിന്നിലുള്ളതെന്നു വ്യക്തം. പെന്തക്കോസ്തർ കർത്താവല്ലാതെ മററാരേയും ഗുരുവെന്ന് അഭിസംബോധനചെയ്യില്ലേ?

www.malankaralibrary.com

## രണ്ടാം ഭാഗം

# പെന്തക്കോസ്തർ മറുപടി പറയുമോ?

1. സുവിശേഷങ്ങളിലും പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കെഴുതിയ ലേഖനത്തിലും രേഖപ്പെടുത്തിയിട്ടുള്ളതും നമ്മുടെ കർത്താവ് അവിടുത്തെ പുനരാഗമനംവരെ ചെയ്യുവാൻ കല്പ്പിച്ച് അപ്പസ്തോലന്മാരെ ഭരമേല്പിച്ചതുമായ പരിശുദ്ധ കുർബാനയിൽ (മർക്കോ 14:22 –26; മത്താ 26:26–30; ലൂക്കാ 22:15–20; 1 കൊറി 11:23–25) നിങ്ങളെന്തുകൊണ്ട് വിശ്വസിക്കുകയും പങ്കുചേരുകയും ചെയ്യുന്നില്ല?

2. "ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്: ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും...." (മത്താ 16:18–19). ഈ തിരുവചനം അനുസരിച്ചുള്ള കർത്താവിന്റെ സഭാസ്ഥാപനം നിങ്ങളെന്തുകൊണ്ട് അംഗീകരിക്കുന്നില്ല?

3. നിങ്ങൾ സഭയെക്കുറിച്ചുള്ള ദൈവഹിതം അംഗീകരിക്കുകയും നിറവേററുകയുംചെയ്യുന്നുണ്ടോ?

4. ബൈബിൾ നമ്മുടെ സ്വതന്ത്രവ്യാഖ്യാനത്തിനുള്ളതോ സഭയുടെ പ്രബോധന അധികാരത്തിൻകീഴിലുള്ളതോ?

5. വേദപുസ്തകം വായിക്കുമ്പോൾ വായിക്കുന്നവർക്ക് തോന്നുന്നതൊക്കെ ശരിയോ?

6. അപ്പ 2:37–42 -നെ ക്രിസ്തീയ ജീവിതത്തിന്റെ വേദപുസ്ഥക അടിസ്ഥാനമായി കരുതുന്ന നിങ്ങൾ എന്തുകൊണ്ട് 42–ാം വാക്യത്തിൽ പറയുന്നതനുസരിച്ചു ജീവിക്കുന്നില്ല?

7. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു"(അപ്പ 2:42). ഈ തിരുവചനം സൂചിപ്പിക്കുന്ന സത്യസഭയുടെ ലക്ഷണങ്ങളിൽ ഏതെങ്കിലുമുണ്ടോ നിങ്ങളുടെ ഗ്രൂപ്പുകൾക്ക്?

8. പെന്തക്കോസ്തു ഗ്രൂപ്പുകളാണ് പെന്തക്കോസ്തി തിരുനാളിൽ ഉത്ഘാടനം ചെയ്യപ്പെട്ട സത്യസഭയെങ്കിൽ അന്നുമുതൽ ഇന്നുവരെയുള്ള നിങ്ങളുടെ ചരിത്രം നല്കി നിങ്ങളുടെ അസ്തിത്വം തെളിയിക്കാമോ?

9. യേശു പഠിപ്പിച്ചതും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ കർത്തൃ പ്രാർത്ഥന (മത്താ 6:9–15; ലൂക്കാ 11:2–4) നിങ്ങൾ എന്തുകൊണ്ടു ചൊല്ലുന്നില്ല?

www.malankaralibrary.com

10. “നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ” (മത്താ 28:20) എന്ന ദൈവ കല്പന നിങ്ങൾ അനുസരിക്കുന്നുണ്ടോ? നിങ്ങൾ ആരുടെ നാമ ത്തിലാണ് ജ്ഞാനസ്നാനം നല്കുന്നത്?

11. “ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടുകൂടെ” (ലൂക്കാ 1:28) എന്നുപറഞ്ഞുകൊണ്ട് ദൈവദൂതൻപോലും ആദരി ക്കുകയും, “എന്റെ കർത്താവിന്റെ അമ്മയെന്നും” (ലൂക്കാ 1:43) “യേശുവിന്റെ അമ്മയെന്നും” (യോഹ 2:2-4) വി. ബൈബിളിൽ ഉദ്ഘോഷിക്കുകയും ചെയ്തിട്ടുള്ള പ. മറിയത്തെ നിങ്ങൾ എന്തു കൊണ്ടു ബഹുമാനിക്കുന്നില്ല?

12. വി. ഗ്രന്ഥത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതനുസരിച്ച് യേശുനാ ഥൻ തന്നെ “ഇതാ നിന്റെ അമ്മ എന്നു പറഞ്ഞുകൊണ്ട്” താൻ സ്നേഹിക്കുന്ന തന്റെ ശിഷ്യർക്കേല്പ്പിച്ചുതരുകയും ചെയ്ത പ. മറി യത്തെ നിങ്ങൾ അമ്മയായി സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യാത്തതെന്തുകൊണ്ട്?

13. ബൈബിളിൽ ഇല്ലാത്ത ഏതെങ്കിലും സ്ഥാനം കത്തോലിക്കർ ദൈവമാതാ വായ വിശുദ്ധ മറിയത്തിനു നല്കുന്നുണ്ടെങ്കിൽ ഒന്നു പറഞ്ഞുതരാമോ?

14. യേശുവിന്റെ നേരിട്ടുള്ള വാക്കുകളും പ്രബോധനങ്ങളും ഉൾക്കൊ ള്ളുന്ന സുവിശേഷങ്ങളാണോ അതോ അപ്പ പ്രവർത്തനത്തിൽ ആദി മസഭയുടെ ജീവിതശൈലിയെക്കുറിച്ചു പറയുന്ന ഭാഗമാണോ നമ്മുടെ വിശ്വാസത്തിന് ഒന്നാമത്തെ ആധാരമാക്കേണ്ടത്?

15. പത്രോസിന്റെ പ്രസംഗം അതേപടി പാലിക്കുന്നു എന്നു പറയുന്ന നിങ്ങൾ എന്തുകൊണ്ട് പത്രോസിന്റെ സിംഹാസനത്തിന്റെ അവകാ ശികളും പിൻഗാമികളുമായ മാർപ്പാപ്പമാരെ അംഗീകരിക്കുന്നില്ല?

16. ക്രിസ്തീയ ജീവിതത്തിന് ബൈബിൾ മാത്രം മതിയെന്നു നിങ്ങൾ പറയുന്നത് ഏതു തിരുവചനത്തിന്റെ വെളിച്ചത്തിലാണ്?

17. വി. ഗ്രന്ഥം അംഗീകരിക്കുന്ന തിരുസ്സഭാ പാരമ്പര്യത്തെ (2 തെസ 3:6; 2 തെസ 2:15; 1 കൊറി 11:2) എന്തുകൊണ്ട് നിങ്ങൾ അംഗീകരിക്കുന്നില്ല?

18. നിങ്ങൾക്ക് ബൈബിൾ എവിടെനിന്നു കിട്ടി? എങ്ങനെയാണ് ബൈബിൾ രൂപംകൊണ്ടത്?

19. ബൈബിൾ (പുതിയ നിയമം) എഴുതപ്പെടുന്നതിനുമുമ്പ് സഭയുണ്ടോ?

20. പെന്തക്കോസ്തുകാർ ദൈവവചനം പാലിക്കുന്നുവോ? ബൈബി ൾ അതേപടി വിശ്വസിക്കുന്നെന്നു പറയുന്ന നിങ്ങൾ എന്തുകൊണ്ട് പല ബൈബിൾ ഭാഗങ്ങളും അംഗീകരിക്കുന്നില്ല?

www.malankaralibrary.com

21. ബൈബിളില്ലാത്തതൊന്നും അംഗീകരിക്കാത്ത നിങ്ങൾ രോഗം വന്നാൽ ചികിത്സിക്കാത്തത് ഏതു തിരുവചനത്തിന്റെ വെളിച്ചത്തിലെന്ന് ഒന്നു പറഞ്ഞുതരാമോ?

22. അക്രൈസ്തവരോടു സുവിശേഷം പ്രസംഗിക്കുന്നതിനേക്കാൾ കത്തോലിക്കരെ പിന്തിരിപ്പിക്കുന്നതിൽ നിങ്ങൾ കൂടുതൽ ശ്രദ്ധ പതിക്കുന്നതെന്തുകൊണ്ട്?

23. മുങ്ങി സ്നാനമേറ്റ പെന്തക്കോസ്തരെല്ലാവരും രക്ഷിക്കപ്പെട്ടവരാണോ?

24. രക്ഷിക്കപ്പെട്ടവർ വീണ്ടും പാപത്തിൽ വീഴുമോ? വീണാൽ വീണ്ടും അനുതപിച്ച് സ്നാനം ഏല്ക്കുമോ?

25. രക്ഷ എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്താണ്?

26. മനുഷ്യന്റെ സമഗ്രവിമോചനത്തെയും ദൈവീകജീവനിലുള്ള പങ്കാളിത്തത്തെയും രക്ഷയെന്ന് നിങ്ങൾ അംഗീകരിക്കുന്നുവോ?

27. കർത്താവായ യേശുക്രിസ്തുവിലൂടെ എല്ലാവരും രക്ഷിക്കപ്പെട്ടോ?

28. കർത്താവിന്റെ കുരിശുമരണം എല്ലാ മനുഷ്യർക്കും വേണ്ടിയാണോ?

29. വിശ്വാസം എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്താണ്?

30. ദൈവത്തെ സർവ്വസ്വവുമായി അംഗീകരിക്കുകയും അവിടുത്തെ തിരുഹിതത്തിനു തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ വിശ്വാസമെന്ന് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

31. വിശ്വാസത്തിന്റെ അടിസ്ഥാനമെന്ത്?

32. എന്തു വിശ്വസിക്കുന്നു എന്നതും ആരിൽ വിശ്വസിക്കുന്നു എന്നതും, ദൈവത്തെ സർവ്വസ്വവുമായിക്കരുതി അങ്ങു പറഞ്ഞതും പഠിപ്പിച്ചതുമായ കാര്യങ്ങൾ അനുവർത്തിക്കുന്നതുമാണ് ശരിയായ വിശ്വാസത്തിനടിസ്ഥാനമെന്നു നിങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ?

33. എന്താണു പ്രാർത്ഥന?

34. ആരാധന, സ്തുതി, കൃതജ്ഞത, അനുതാപം, വിശ്വാസം ഏററുപറച്ചിൽ, സമർപ്പണം, അപേക്ഷ (മദ്ധ്യസ്ഥ പ്രാർത്ഥന), എന്നീ ഘടകങ്ങളെല്ലാം ചേർന്നതാണോ നിങ്ങളുടെ പ്രാർത്ഥന?

35. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ മററൊന്നിലും പ്രശംസിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" (ഗലാ 6:14) എന്ന തിരുവചനമനുസരിച്ച് നിങ്ങൾ കുരിശിനെ ആദരിക്കുന്നുണ്ടോ?

www.malankaralibrary.com

36. നിങ്ങൾ കുരിശിനെ ആദരിക്കുന്നതു ഭോഷത്തമായി കരുതുന്നു. അപ്പോൾ നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണെന്ന തിരുവചനം ആരെക്കുറിച്ചാണു പറയുന്നത്?

37. "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ അതിഭാഷണം ചെയ്യരുത്.... " (മത്താ 6:6-8). എന്തുകൊണ്ട് നിങ്ങൾ ഈ തിരുവചനം അനുസരിക്കുന്നില്ല?

38. പള്ളിയും പട്ടക്കാരനും ആവശ്യമോ? നിങ്ങൾ എന്തുകൊണ്ട് പള്ളിയെയും പട്ടക്കാരെയും അംഗീകരിക്കുന്നില്ല?

39. അപ്പസ്തോല പ്രവർത്തനത്തിൽ പറയുന്നതു മാത്രമാണോ ക്രിസ്തീയ ജീവിതം?

40. നിങ്ങൾ പത്രോസിനെയാണോ കർത്താവിനെയാണോ അനുകരിക്കുന്നത്?

41. അക്രൈസ്തവർക്കു ദൈവാത്മാവിനെ പ്രാപിക്കാൻ സാധിക്കുമോ?

42. "പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ കേട്ടുകൊണ്ടിരുന്ന എല്ലാവരുടേയും മേൽ പരിശുദ്ധാത്മാവ് വന്നു. വിജാതീയരുടെ മേൽപോലും പരിശുദ്ധാത്മാവിന്റെ ദാനം വർഷിക്കപ്പെട്ടു (അപ്പ 10:44-46). ഈ തിരുവചനത്തിന്റെ അർത്ഥം എന്താണ്?.

43. നിങ്ങൾ വഴിയായി സഭയ്ക്കുള്ളിൽ എന്തു നേട്ടമാണുണ്ടാകുന്നത്?

44. നിങ്ങൾ യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം നല്കുന്നുണ്ടോ?

45. വെളിപാടു പുസ്തകത്തിൽ പറയുന്ന കുഞ്ഞാടിനോടൊത്ത് 1000 വർഷം (20:4-6) ഭരണം നടത്തുന്ന ശുഭ്രവസ്ത്രധാരികളായ 144,000 പേർ (14:1; 7:4) ആരാണ്?

46. വെളിപാടു പുസ്തകത്തിൽ പറയുന്ന സാമ്രാജ്യ ശക്തികളുടെ പതനം എന്തിനെ സൂചിപ്പിക്കുന്നു?

47. ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ (മത്താ 7:15); വ്യാജപ്രബോധകരിൽനിന്നകന്നുനില്ക്കണം (1തിമോ 6:3-4); വ്യാജപ്രബോധകരെ അകററിനിർത്തണം (2പത്രോ 2:1-2). കർത്താവ് ഇപ്രകാരം പറയുന്നതിന്റെ അർത്ഥമെന്താണ്?

48. നിങ്ങളുടെ ദൗത്യമെന്ത്? ഈ ദൗത്യം എവിടെനിന്നു കിട്ടി?

49. പെന്തക്കോസ്ത പാസ്റ്റർമാർക്ക് ദശാംശം കൊടുക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിൽ?

50. ആരാണവരെ നിയമിച്ചത്? എങ്ങനെ അവർ തെരഞ്ഞെടുക്കപ്പെട്ടു?

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

വിശ്വാസ പരിശീലന പരിപാലന കാര്യാലയ പ്രസിദ്ധീകരണം